بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

ലക്കം 13

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 മാർച്ച് 31/ഹി.ശം. 1401 അമാൻ 31/ഹിജ്റ 1443 ശഅ്ബാൻ 27

## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا کُتِبَ عَلَیۡکُمُ الصِّیَامُ کَمَا کُتِبَ عَلَی الَّذِیۡنَ مِنۡ قَبۡلِکُمۡ لَعَلَّکُمۡ تَتَّقُوۡنَ ﴿۱۸۴﴾

(سورۃ البقرہ:184)

'വിശ്വാസികളേ! നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻവേണ്ടി.' (2:184)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്റിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

**നോമ്പ് പരിചയാകുന്നു.**

(1894)ഹദ്റത്ത് അബൂഹുറയ്റ[റ] നിവേദനം. നബി[സ]തിരുമേനി പറഞ്ഞു: 'നോമ്പ് ഒരു പരിചയാണ്. അതിനാൻ നോമ്പുകാരൻ തെറ്റായ പ്രവൃത്തികൾ ചെയ്യാതിരിക്കുകയും വിഡ്ഢിത്തം പ്രകടിപ്പക്കാതിരിക്കുകയും ചെയ്യട്ടെ. വല്ലവനും അവനോടു ശണ്ഠ കൂടുകയോ അവനെ ശകാരിക്കുകയോ ചെയ്തെങ്കിൽ ഞാൻ നോമ്പുകാരനാണെന്ന് രണ്ടു പ്രാവശ്യം അവൻ പറയട്ടെ. എന്റെ ആത്മാവിനെ നിയന്ത്രിക്കുന്ന അല്ലാഹു സത്യം!നോമ്പുകാരന്റെ വായയുടെ മണം അല്ലാഹുവിന്റെ അടുത്തു കസ്തൂരിയെക്കാൾ സുഗന്ധമുള്ളതാണ്. (അല്ലാഹു പറയുന്നു:) അവൻ അവന്റെ ഭക്ഷണ പാനീയങ്ങളും ദേഹേച്ഛയും എനിക്കുവേണ്ടിയാണ് ഉപേക്ഷിച്ചിരിക്കുന്നത്. നോമ്പ് എനിക്കുള്ളതാണ്. ഞാൻ തന്നെയാണ് അതിനു പതിഫലം. ഓരോ നന്മയ്ക്കും പത്തിരട്ടിയാണ് പ്രതിഫലം.'

(1896) ഹദ്റത്ത് സഹ്ൽ[റ] നിവേദനം. നബി[സ]തിരുമേനി പറഞ്ഞു: 'നിശ്ചയം, സ്വർഗത്തിന് റയ്യാൻ എന്നു പറയപ്പെടുന്ന ഒരു വാതിലുണ്ട്. അന്ത്യദിനത്തിൽ നോമ്പുകാർ അതുവഴിയാണ് സ്വർഗത്തിൽ പ്രവേശിക്കുക. അവരല്ലാതെ മറ്റാരും അതുവഴി പ്രവേശിക്കുകയില്ല. ഇപ്രകാരം വിളിച്ചു ചോദിക്കും: നോമ്പുകാരെവിടെ? അപ്പോൾ നോമ്പുകാർ എഴുന്നേറ്റു നിൽക്കും. അവരല്ലാതെ മറ്റാരും അതുവഴി പ്രവേശിക്കുകയില്ല. അവർ പ്രവേശിച്ചു കഴിഞ്ഞാൽ ആ വാതിൽ പറ്റെ അടച്ചു കളയും. പിന്നീട് ആരും തന്നെ അതിലൂടെ പ്രവേശിക്കുകയില്ല.'*(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുസ്സൗം, പ്രസാധകർ ഖാദിയാൻ 2008)*

****

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
18-02-2022 & 25-02-2022
സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ
യൂറോപ്യൻ പര്യടന റിപ്പോർട്ട്

**ഉക്രൈനിൽ യുദ്ധം തുടങ്ങിയെന്നത് അങ്ങേയറ്റം ദുഃഖകരമാണ്. അവസ്ഥകൾ അങ്ങേയറ്റം വഷളായി കഴിഞ്ഞിരിക്കുന്നു. ലോകത്തെ വൻശക്തികൾക്ക് കഴിഞ്ഞ കുറെ വർഷങ്ങളായി ഞാൻ, അവർ ചരിത്രത്തിൽനിന്ന് പ്രത്യേകിച്ചും 20-ാം നൂറ്റാണ്ടിലുണ്ടായ രണ്ടു നാശകരമായ ലോകയുദ്ധങ്ങളിൽനിന്ന് പാഠം കരസ്ഥമാക്കേണ്ടതാണെന്ന് മുന്നറിയിപ്പ് നല്കിക്കൊണ്ടുവന്നിരുന്നു. റഷ്യയേയും നാറ്റോ(NATO)വിനേയും എല്ലാ വൻശക്തികളേയും അവർ തങ്ങളുടെ എല്ലാ പരിശ്രമങ്ങളും മനുഷ്യകുലത്തിന്റെ നിലനില്പിനു വേണ്ടി, കലഹങ്ങൾ അവസാനിപ്പക്കുന്നതിൽ ചെലവഴിക്കാനും മാധ്യസ്ഥം മുഖേന പരിപൂർണമായ പരിഹാരം അന്വേഷിക്കാനും ഞാൻ ശക്തമായ നിലയിൽ ഉപദേശിക്കുകയാണ്.**

## റഷ്യ-ഉക്രൈൻ കലഹത്തെ പറ്റി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ പ്രസ്താവന

**(പ്രസ്സ് റിലീസ് 2022 ഫെബ്രുവരി 24)**

ആഗോള അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് റഷ്യയുടേയും ഉക്രൈനിന്റേയും ഇപ്പോഴുള്ള കലഹത്തെ സംബന്ധിച്ച് പറയുന്നു: 'ലോകത്തെ വൻ ശക്തികൾക്ക് കഴിഞ്ഞ കുറെ വർഷങ്ങഅവർ ചരിത്രത്തിൽനിന്ന് പ്രത്യേകിച്ചും 20-ാം നൂറ്റാണ്ടിലുണ്ടായ രണ്ടു നാശകരമായ ലോകയുദ്ധങ്ങളിൽനിന്ന് പാഠം കരസ്ഥമാക്കേണ്ടതാണെന്ന് ഞാൻ മുന്നറിയിപ്പ് നല്കിക്കൊണ്ടു വന്നു. ഇതുമായി ബന്ധപ്പെട്ട് ഞാൻ വിവിധ ജനതകളുടെ നേതാക്കന്മാർക്ക് കത്തുകളെഴുതിക്കൊണ്ട്, അവർ തങ്ങളുടെ ദേശീയവും വ്യക്തിപരവുമായ നേട്ടങ്ങളെ അവഗണിച്ചുകൊണ്ട് സമൂഹത്തിന്റെ എല്ലാ തലങ്ങളിലും യഥാർഥമായ നീതി സ്ഥാപിച്ച് ലോക സമാധാനത്തിനും ശാന്തിക്കും മുൻഗണന നല്കണമെന്ന് ശക്തമായി പറഞ്ഞിരുന്നു. ഉക്രൈനിൽ യുദ്ധം തുടങ്ങിയെന്നത് അങ്ങേയറ്റം ദുഃഖകരമാണ്. അവസ്ഥകൾ അങ്ങേയറ്റം വഷളായി കഴിഞ്ഞിരിക്കുന്നു. ഇപ്രകാരംതന്നെ റഷ്യൻഭരണകൂടത്തിന്റെ ഭാവി നടപടികളും അതിനെ തുടർന്നു ഉണ്ടാകാനിടയുള്ള നാറ്റോ (NATO)വിന്റേയും വൻശക്തികളുടേയും പ്രതികരണവും കാരണത്താൽ ഈ യുദ്ധം കൂടുതൽ വ്യാപിക്കാനും സാധ്യതയുണ്ട്. അതിന്റെ ഫലങ്ങൾ അങ്ങേയറ്റം ഭയാനകവും നാശകരവുമായിരിക്കുമെന്നതിൽ ഒരു സംശയവുമില്ല. അതുകൊണ്ട് കൂടുതൽ യുദ്ധം ഉണ്ടാകുന്നതിൽനിന്നും രക്തം ചിന്തുന്നതിൽനിന്നും രക്ഷപ്പെടുന്നതിന് എല്ലാ വിധത്തിലും പരിശ്രമിക്കുക എന്നത് കാലത്തിന്റെ പ്രധാന ആവശ്യമാണ്. നാശത്തിന്റെ അഴിമുഖത്തുനിന്ന് പിന്നാക്കം മാറാൻ ലോകത്തിന് ഇനിയും സമയമുണ്ട്. റഷ്യയേയും നാറ്റോ(NATO) വിനേയും എല്ലാ വൻശക്തികളേയും അവർ തങ്ങളുടെ എല്ലാ പരിശ്രമങ്ങളും മനുഷ്യകുലത്തിന്റെ നിലനില്പിനുവേണ്ടി, കലഹങ്ങൾ അവസാനിപ്പക്കുന്നതിൽ ചെലവഴിക്കാനും മാധ്യസ്ഥം മുഖേന പരിപൂർണമായ പരിഹാരം അന്വേഷിക്കാനും ഞാൻ ശക്തമായ നിലയിൽ ഉപദേശിക്കുകയാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നേതാവെന്ന നിലയിൽ ലോകത്തിലെ രാഷ്ട്രീയ മാർഗദർശികളുടെ ശ്രദ്ധ ഇതിലേക്ക് കൊണ്ടുവരാൻ മാത്രമെ എനിക്കു കഴിയുകയുള്ളു;അവർ ലോകസമാധാനത്തിന് മുൻഗണന നല്കിക്കൊണ്ട്, സകല മനുഷ്യകുലത്തിന്റേയും ക്ഷേമത്തിനുവേണ്ടി ദേശീയമായ നേട്ടങ്ങളേയും ശത്രുതകളേയും മറന്നുകളയുക. അതുകൊണ്ട് ലോകത്തിലെ ഭരണധികാരികൾ ബുദ്ധിപൂർവം പ്രവൃത്തിക്കുന്നതിനും മനുഷ്യകുലത്തിന്റെ ഉന്നമനത്തിനുവേണ്ടി അധ്വാനിക്കുന്നതിനും ഞാൻ ആത്മാർഥമായി പ്രാർഥിക്കുകയാണ്.

വൻ ശക്തികളുടെ നേതാക്കന്മാരും അവരുടെ ഭരണകൂടങ്ങളും നമ്മുടെ കുട്ടികളുടേയും ഭാവിതലമുറകളുടേയും ഭാവിയെ നശിപ്പിക്കുന്ന ഒരു നടപടിയും എടുക്കാതിരിക്കാൻ ഞാൻ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് പ്രാർഥിക്കുകയാണ്. പ്രത്യുത അവരുടെ എല്ലാ ശ്രമങ്ങളും കഠിനാധ്വാനങ്ങളും തങ്ങളുടെ ഭാവി തലമുറയ്ക്കുവേണ്ടി നല്ല അവസ്ഥയിലുള്ളതും സമാധാനപൂർണവുമായ ലോകം വിട്ടുംവച്ച് പൊകുമെന്ന കാര്യം ഉറപ്പുവരുത്തുന്നതുമായിരിക്കേണ്ടതാണ്.

ഞാൻ പ്രാർഥിക്കുന്നു, ആഗോളനേതാക്കന്മാർ കാലത്തിന്റെ അസ്ഥിരതയെ കുറിച്ച് ബോധവാന്മാരാകുകയും ലോകത്ത് സമാധാനസംസ്ഥാപനവും സാമൂഹികഭദ്രതയും ഉറപ്പാക്കേണ്ടതിന്റെ ഉത്തരവാദിത്വത്തെ നല്ലരീതിതയിൽ നിർവഹിക്കുന്നവരായിത്തീരുകയും ചെയ്യുമാറാകട്ടെ. അല്ലാഹു നിരപരാധികളും നിരായുധരുമായ ആളുകളെ തന്റെ സംരക്ഷണത്തിലും അഭയത്തിലും വെക്കുമാറാകട്ടെ. ലോകത്ത് യഥാർഥവും ദൃഢഗാഢവുമായ സമാധാനം സ്ഥാപിതമാകുമാറാകട്ടെ. ആമീൻ

മിർസാ മസ്റൂർ അഹ്മദ്
**ഖലീഫത്തുൽമസീഹ് അൽഖാമിസ്**
ആഗോള അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ഇമാം
*(അൽഫള്ൽ പത്രം ഇന്റർ നാഷണലിനോടു കടപ്പാട്)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

‘അല്ലാഹു എനിക്ക് ഖുർആനിക ജ്ഞാനം പ്രദാനം ചെയ്തിരിക്കുന്നു. ഇക്കാലഘട്ടത്തിൽ അല്ലാഹു ഖുർആൻ പഠിപ്പിക്കുന്നതിനുവേണ്ടി എന്നെ ലോകത്തിന്റെ ഉസ്താദാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ ദൂതരായ മുഹമ്മദ്(സ)ന്റേയും വിശുദ്ധഖുർആനിന്റേയും നാമം ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിനും ഇസ്‌ലാമിന്നെതിരെയുള്ള സകല പൊയ്മതങ്ങളെയും എന്നെന്നേക്കുമായി പ രാജയപ്പെടുത്തുന്നതിനും അല്ലാഹു എന്നെ എഴുന്നേല്പിച്ചു നിറുത്തിയിരിക്കുന്നു.’

**വാഗ്ദത്ത പരിവർത്തനകാരിയുടെ സാക്ഷാത്കാരമായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദദിന്റെ സ്തുത്യർഹമായ വിശേഷഗുണങ്ങളുടെ ഈമാൻ വർധക വിവരണം.**

**“ലോകം എത്ര ശക്തിവേണെങ്കിലും ചെലുത്തിക്കൊള്ളട്ടെ. തങ്ങളുടെ മുഴുവൻ കഴിവുകളും സംഘടിതശക്തിയും ഉപയോഗിച്ചുകൊള്ളട്ടെ. ക്രിസ്തീയ രാജാക്കന്മാരും അവരുടെ ഭരണകർത്താക്കളും ഒരുമിച്ച് കൂടിക്കൊള്ളട്ടെ. യൂറോപ്പും അമേരിക്കയും ഒരുമിച്ചുകൊള്ളട്ടെ. ലോകത്തിലെ എല്ലാ വലിയ വലിയ സമ്പന്നന്മാരും കഴിവും പ്രാപ്തിയുളവരും ഒരുമിച്ചുകൊള്ളട്ടെ. അങ്ങനെ എല്ലാവരും ഈ പ്രവൃത്തിയിൽ ഒരുമിച്ചുകൂടുകയാണെങ്കിലും ഞാൻ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്തു പറയുന്നു: അവർ എനിക്കെതിരിൽ പരാജയപ്പെടുന്നതായിരിക്കും. എന്റെ പ്രാർഥനയുടെയും പദ്ധതികളുടെയും മുന്നിൽ അവരുടെ എല്ലാ പദ്ധതികളും കുതന്ത്രങ്ങളും വഞ്ചനകളും ഇല്ലായ്മ ചെയ്യപ്പെടുന്നതാണ്. അല്ലാഹു ഞാൻ മുഖേന അല്ലെങ്കിൽ എന്റെ ശിഷ്യന്മാരും എന്നെ പിൻപറ്റുന്നവരും മുഖേന ഈ പ്രവചനം പൂർത്തിയാക്കുന്നതിനുവേണ്ടി നബി(സ)തിരുമേനിയുടെ പേരിലുള്ള അനുഗ്രഹവും ഇസ്‌ലാമിന്റെ അനുഗ്രഹവും മുഖേന അന്തസ്സ് സ്ഥാപിക്കുന്നതായിരിക്കും. ഏതുവരെ ഇസ്‌ലാം മുഴുവൻ പ്രഭാവത്തോടുകൂടി ലോകത്ത് സ്ഥാപിക്കപ്പെടുന്നില്ലയോ, അതുവരെ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ലോകത്തിന്റെ ജീവൽ പ്രവാചകനാണെന്ന സത്യം അംഗീകരിക്കുന്ന ഈ ലോകത്തെ കൈവിടുന്നതല്ല.”**

അല്ലാഹു അദ്ദേഹത്തെ ജ്ഞാനങ്ങൾകൊണ്ട് എങ്ങനെ നിറച്ചിരുന്നുവെന്നാൽ, അദ്ദേഹത്തിന്റെ 52 വർഷക്കാല ജീവിതം അതിന് സാക്ഷിയാണ്. ദീനീ വിഷയങ്ങളാണെങ്കിലും ഭൗതിക വിഷയങ്ങളാണെങ്കിലും അദ്ദേഹത്തോട് ഏതു വിഷയത്തിൽ എഴുതാനോ പറയാനോ പറഞ്ഞാലും അദ്ദേഹം ജ്ഞാന വിജ്ഞാനങ്ങളുടെ ഒരു അരുവി തന്നെ ഒഴുക്കുമായിരുന്നു.

**ഖുത്ബ ജുമുഅ 2022 ഫെബ്രുവരി 18/1401 തബ്ലീഗ് 18, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

നമ്മൾ എല്ലാ വർഷവും ഫെബ്രുവരി 20 ന് മുസ്‌ലിഹ് മൗഊദിന്റെ പ്രവചനവുമായി ബന്ധപ്പെടുത്തി യോഗങ്ങൾ നടത്തുകയും ആ ദിവസത്തെ ഓർമിക്കുകയും ചെയ്യുന്നു. ഈ പ്രവചനം ഹദ്ത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിന്റെ ശത്രുക്കളുടെ ആക്ഷേപത്തിന് മറുപടിയായി അല്ലാഹുവിൽ നിന്ന് അറിയിപ്പ് കിട്ടിയതനുസരിച്ച് ചെയ്തതായിരുന്നു. ഇസ്‌ലാമിന്റെ ശത്രുക്കൾ പറഞ്ഞത് ഇസ്‌ലാം ഒരു ദൃഷ്ടാന്തവും കാണിക്കുന്നില്ലെന്നാണ്. എന്നാൽ, അദ്ദേഹം പറഞ്ഞു: ‘ഞാൻ അല്ലാഹുവിൽ നിന്ന് കിട്ടിയ അറിയിപ്പ് അനുസരിച്ച് പറയുന്നു, ഒരു വലിയ ദൃഷ്ടാന്തം ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന് ഞാൻ മുഖേന പൂർത്തിയാവുന്നതാണ്. അത് എന്റെ ഒരു മകന്റെ ജനനമാകുന്നു. അവൻ ദീർഘായുസ്സ് പ്രാപിക്കുകയും ഇസ്‌ലാമിക സേവനങ്ങൾ ചെയ്യുന്നതുമായിരിക്കും. ഇന്ന ഇന്ന പ്രത്യേകതകൾ അവനുണ്ടായിരിക്കും. ഏകദേശം 52,53 സവിശേഷതകളും വിവരിച്ചിട്ടുണ്ടായിരുന്നു. ഇതൊരു സാധാരണ പ്രവചനമല്ല. ഏതായിരുന്നാലും നിശ്ചിത സമയത്തിനുള്ളിൽ, അതായത് ഒരു നിർണിത സമയം പറഞ്ഞിട്ടുണ്ടായിരുന്നു. ഈ കാലഘട്ടത്തിനുള്ളിൽ ആ മകൻ ജനിച്ചു. അവൻ ദീർഘായുസ്സ് പ്രാപിക്കുകയും ഇസ്‌ലാമിന്റെ അനിതരസാധാരണമായ സേവനത്തിന് തൗഫീഖ് ലഭിക്കുകയും ചെയ്തു. എല്ലാ വർഷവും ഈ പ്രവചനവുമായി ബന്ധപ്പെട്ട് വ്യത്യസ്ത വിഷയങ്ങളിൽ ജമാഅത്തിന്റെ യോഗങ്ങളിൽ വെളിച്ചം വീശാറുണ്ട്. ഈ വർഷവും ഇൻശാ അല്ലാഹ് വിവിധ ജമാഅത്തുകളുടെ യോഗങ്ങളും മറ്റുമുണ്ടാകും. കൂടാതെ mta യിലും പ്രോഗ്രാം ഉണ്ടാകുന്നതാണ്. വിശദീകരണങ്ങൾ അവിടെ നിന്നും കേൾക്കാവുന്നതാണ്. ഈ സമയത്ത് ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ വാക്കുകളിൽ അദ്ദേഹത്തിന്റെ ആദ്യകാല ജീവിതം എങ്ങനെയായിരുന്നുവെന്നും അദ്ദേഹത്തിന്റെ ആരോഗ്യാവസ്ഥ എന്തായിരുന്നുവെന്നും അദ്ദേഹത്തോട് അല്ലാഹു എങ്ങനെയാണ് പെരുമാറിയിരുന്നതെന്നും സംബന്ധിച്ചുള്ള ചില ഉദ്ധരണികൾ കേൾപ്പിക്കാം.

പ്രവചനം ദീർഘായുഷ്മാനായ ഒരു കുട്ടിയെ സംബന്ധിച്ചായിരുന്നു. അതായത് ഒരു കുട്ടി ദീർഘായുസ്സ് പ്രാപിക്കും. ഈ ദീർഘായുസ്സ് പ്രാപിക്കുന്ന കുട്ടിയുടെ ആരോഗ്യത്തെ സംബന്ധിച്ച് നിങ്ങൾക്ക് ഊഹിക്കാവുന്നതേയുള്ളു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്നെ പറയുന്നു: ‘ചെറുപ്പത്തിൽ എന്റെ ആരോഗ്യം വളരെ മോശമായിരുന്നു. ആദ്യം വില്ലൻചുമയുണ്ടായി. പിന്നെ എന്റെ ആരോഗ്യം എത്രത്തോളം ക്ഷയിച്ചുവെന്നാൽ പതിനൊന്ന് പന്ത്രണ്ട് വയസ്സുപ്രായമാകുന്നതുവരെയും ഞാൻ മരണത്തിന്റേയും ജീവിതത്തിന്റെയും ഏറ്റുമുട്ടലിലാണ് കഴിച്ചുകൂട്ടിയത്. പൊതുവെ കരുതിയത് എനിക്ക് ദീർഘായുസ്സ് ഉണ്ടാകാൻ സാധ്യതയില്ലെന്നാണ്. ഇതേ കാലയളവിൽ എനിക്ക് കണ്ണുദീനവും പിടിപെട്ടു. എത്രത്തോളമെന്നാൽ എന്റെ ഒരു കണ്ണന്റെ കാഴ്ച ഏറെക്കുറെ ഇല്ലാതായി. അതായത് ആ കണ്ണിലൂടെ ഒന്നും വ്യക്തമായി കാണാൻ കഴിഞ്ഞിരുന്നില്ല. അതല്ലെങ്കിൽ വളരെ മങ്ങിയ രീതിയിലെ കാണുന്നുണ്ടായിരുന്നുള്ളു.’ ഇപ്പോഴും, അതായത് അദ്ദേഹം ഇത് വിവരിക്കുന്ന സമയത്തും പറയുകയാണ്, ‘വളരെ മങ്ങിയ നിലയിൽ മാത്രമേ കാണാൻ കഴിയുന്നുള്ളു. പിന്നെ ഞാൻ കുറച്ചുകൂടി വലുതായപ്പോൾ തുടർച്ചയായി ആറേഴു മാസംവരെ എനിക്ക് പനി വന്നുകൊണ്ടിരുന്നു. എനിക്ക് ക്ഷയരോഗമാണെന്ന് പറയപ്പെട്ടു. അതായത് ഞാൻ ടി.ബി രോഗബാധിതനാണെന്ന് പറഞ്ഞു.’ അദ്ദേഹം പറ

യുന്നു: 'ഈ കാരണങ്ങൾകൊണ്ട് കൃത്യമായി പഠിക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. സ്കൂളിൽ പോയിരുന്നില്ല. ലാഹോറിലെതന്നെ മാസ്റ്റർ ഫഖീറുല്ലാഹ് സാഹിബുണ്ട്. ലാഹോറിൽ അദ്ദേഹം (മുസ്‌ലിഹ് മൗഊദ്) പ്രഭാഷണം നടത്തുകയായിരുന്നു. മാസ്റ്റർ സാഹിബിന് മുസ്‌ലിം ടൗണിൽ ബംഗ്ലാവുമുണ്ട്. ഹുദൂർ പറയുന്നു: അദ്ദേഹം ഞങ്ങളുടെ സ്കൂളിൽ ഗണിതമാണ് പഠിപ്പിച്ചിരുന്നത്. അദ്ദേഹമൊരിക്കൽ എന്നെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്[അ] നോടു പരാതി പറഞ്ഞു. അതായത് ഇവൻ പഠിക്കാൻ വരുന്നില്ല. അധികവും സ്കൂളിൽ ഉണ്ടാവുകയുമില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്[അ] ദേഷ്യപ്പെടുമോ എന്ന് ഞാൻ ഭയപ്പെട്ടു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്[അ] പറഞ്ഞു: 'മാസ്റ്റർ സാഹിബേ! ഇവന്റെ ആരോഗ്യം വളരെ ദുർബലമായിട്ടാണുള്ളത്. ഇവൻ ഇടക്കിടക്ക് മദ്രസയിൽ വരുന്നതുതന്നെ വലിയ കാര്യമാണ്. എന്തെങ്കിലും കാര്യങ്ങൾ അവന്റെ ചെവിയിലും എത്തുമല്ലോ. ഒരുപാട് സമ്മർദം ചെലുത്തേണ്ട.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: 'എനിക്ക് മറ്റൊരു കാര്യം കൂടി ഓർമയുണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ] ഇങ്ങനെയും പറഞ്ഞു: 'നമുക്ക് അവനെ കണക്ക് പഠിപ്പിച്ചിട്ട് ഞാനെന്തു ചെയ്യാനാണ്? ഇവനെക്കൊണ്ട് കട നടത്തുകയോ?

ഇതായിരുന്നു അദ്ദേഹത്തിന്റെ ചെറുപ്പ കാലത്തുള്ള ആരോഗ്യ സ്ഥിതിയും സ്കൂളിൽ പോകുന്ന അവസ്ഥയും. ആ സമയത്ത് ആർക്കാണ് ദീർഘായുസ്സിനെ സംബന്ധിച്ച് ജാമ്യം നൽകാൻ സാധിക്കുക! ദീർഘായുസ്സ് മാത്രമല്ല അവൻ ആത്മീയവും ഭൗതികവുമായ ജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടുമെന്നും പ്രവചനത്തിലുണ്ടായിരുന്നു. ഇത്തരം അവസ്ഥയിൽ അദ്ദേഹത്തിന് വിജ്ഞാനങ്ങൾ കിട്ടുമെന്ന് ആർക്കാണ് പറയാൻ കഴിയുക? ഏതായിരുന്നാലും അദ്ദേഹം പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖുർആനും ഹദീഥും പഠിച്ചാൽത്തന്നെ ധാരാളമാണെന്ന് പാഞ്ഞിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ചുരുക്കത്തിൽ എന്റെ ആരോഗ്യം എത്രത്തോളം ദുർബലമായിരുന്നുവെന്നാൽ ഭൗതിക വിജ്ഞാനം നേടുന്നത് സംബന്ധിച്ച്, അത് തീർച്ചയായും അസാധ്യമായിരുന്നു. എനിക്ക് കാഴ്ചയും കുറവായിരുന്നു. ഞാൻ പ്രൈമറി മിഡിൽ എൻട്രൻസ് പരീക്ഷകളിൽ എല്ലാം തോറ്റു. ഒരു പരീക്ഷയിലും പസ്സായില്ല. എന്നാൽ, അല്ലാഹു എന്നെ സംബന്ധിച്ച് ഞാൻ ആത്മീയവും ഭൗതികവുമായ അറിവുകളാൽ നിറയ്ക്കപ്പെടുമെന്നു പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. അങ്ങനെ ഭൗതിക വിജ്ഞാനങ്ങളുടെ ഒരു അറിവും ഞാൻ പഠിച്ചിട്ടില്ല. അല്ലാഹു എന്റെ തൂലികയിലൂടെ അതിമഹത്തായ വൈജ്ഞാനിക ഗ്രന്ഥങ്ങൾ എഴുതിപ്പിച്ചു. ലോകം അത് വായിച്ച് അത്ഭുതപ്പെടുന്നു. ഇതിനെക്കാൾ നന്നായി ഇസ്‌ലാമിക പ്രശ്നങ്ങൾ സംബന്ധിച്ച് എഴുതാൻ സാധ്യമല്ലെന്ന് അവർ അംഗീകരിക്കുകയും ചെയുന്നു.' അദ്ദേഹം പറയുന്നു: 'തഫ്സീറെകബീർ എന്ന പേരിൽ ഞാൻ വിശുദ്ധ ഖുർആനിന്റെ തഫ്സീറിന്റെ ഒരു ഭാഗമെഴുതി. അത് വായിച്ച ശേഷം വലിയ വലിയ എതിരാളികൾപോലും ഇത് പോലുള്ള ഒരു തഫ്സീറും എഴുതപ്പെട്ടിട്ടില്ലെ എന്ന് സമ്മതിക്കുന്നു. ഞാൻ ഇടയ്ക്കിടെ ലാഹോറിൽ വരാറുണ്ട്, എത്രമാത്രമെന്നാൽ ഇവിടെയുള്ള ആളുകൾക്ക് എന്നെ അറിയുകയും ചെയ്യാം. എന്നെ കാണാൻ കോളേജുകളിലെ പ്രൊഫസർമാരും വിദ്യാർഥികളും ഡോക്ടർമാരും പ്രസിദ്ധരായ ലീഡർമാരും വക്കീൽമാരും വരാറുണ്ട്. പക്ഷേ, ഇന്നുവരെ ഒരിക്കൽപോലും ഏതെങ്കിലും വലിയ പണ്ഡിതൻ എന്റെ മുന്നിൽ ഇസ്‌ലാമിനെയും ഖുർആനിനെയും പറ്റി ആക്ഷേപം ഉന്നയിച്ചിട്ട് ഞാൻ ഇസ്‌ലാമിന്റേയും ഖുർആനിന്റേയും അധ്യാപനങ്ങളുടെ വെളിച്ചത്തിൽത്തന്നെ അയാൾക്ക് വായടപ്പൻ മറുപടി നൽകാതിരുന്നിട്ടില്ല. എന്നു മാത്രമല്ല തനിക്ക് ഇസ്‌ലാമിക അധ്യാപനത്തെ കുറിച്ച് ശരിയായ നിലയിൽ ആക്ഷേപമുന്നയിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് അയാൾ അംഗീകരിക്കാതിരിക്കുകയും ചെയ്തിട്ടില്ല. എന്നോടൊപ്പമുള്ള ഈ സംഗതി അല്ലാഹുവിന്റെ ഔദാര്യം മാത്രമായിരുന്നു. അല്ലാതെ ഞാൻ ഭൗതികമായ ഒരറിവും നേടിയിട്ടില്ല. എന്നാൽ, അല്ലാഹു തന്റെ പക്കൽനിന്ന് എനിക്ക് അറിവ് നൽകിയെന്നതിലും അവൻതന്നെ എനിക്ക് എല്ലാതരം ആത്മീയവും ഭൗതികവുമായ അറിവുകളിൽ പങ്കുനൽകിയെന്നതിലും തർക്കമില്ല.

ഇനി അദ്ദേഹം ആത്മീയവും ഭൗതികവുമായ അറിവുകളാൽ നിറയ്ക്കപ്പെടും എന്നതിനെ സംബന്ധിച്ച് അല്ലാഹു എങ്ങനെയാണ് അറിവുകൾ പഠിപ്പിച്ചതെന്ന് പറയുന്നു: 'ഞാൻ കുട്ടിയായിരുന്നപ്പോൾ ഒരു സ്വപ്നം കാണുകയുണ്ടായി. ഒരു മണിയടിക്കുന്നു. അതിൽ നിന്ന് 'ടിൻ' എന്ന ശബ്ദം വന്നു. അതു പിന്നീട് വലുതായി വലുതായി ചിത്രത്തിന്റെ ഫ്രെയിം പോലെയായി. പിന്നെ ഞാൻ കാണുന്നത് ആ ഫ്രെയിമിൽ ഒരു ചിത്രം പ്രത്യക്ഷപ്പെടുന്നതാണ്. അല്പം കഴിഞ്ഞപ്പോൾ ചിത്രം ഇളകാൻ തുടങ്ങി. പിന്നെ പെട്ടെന്നുതന്നെ അതിൽനിന്ന് ഒരു രൂപം എന്റെ മുന്നിലേക്കു ചാടി വന്നു. അതെന്നോട് പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ മലക്കാകുന്നു. ഞാൻ താങ്കൾക്ക് വിശുദ്ധ ഖുർആനിന്റെ തഫ്സീർ പഠിപ്പിക്കാനാണ് വന്നിട്ടുള്ളത്.' ഞാൻ പറഞ്ഞു:'പഠിപ്പിച്ചോളൂ.' അങ്ങനെ ആ മലക്ക് എനിക്ക് വിശുദ്ധ ഖുർആനിന്റെ തഫ്സീർ പഠിപ്പിക്കാൻ തുടങ്ങി, പഠിപ്പിച്ചുകൊണ്ടേ ഇരുന്നു. എത്രത്തോളമെന്നാൽ **'ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസതഈൻ'** എന്ന ആയത്തുവരെ പഠിപ്പിച്ചു. എന്നിട്ട് എന്നോട് പറഞ്ഞു: 'ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാ വ്യാഖ്യാതാക്കളും എല്ലാവരും ഈ ആയത്തുവരെ മാത്രമേ തഫ്സീർ എഴുതിയിട്ടുള്ളൂ. എന്നാൽ, ഞാൻ താങ്കൾക്ക് ഇതിനു ശേഷമുള്ള തഫ്സീറും പഠിപ്പിക്കാം. അങ്ങനെ ആ മലക്ക് എനിക്ക് സൂറ ഫാതിഹയുടെ മുഴുവൻ തഫ്സീറും പഠിപ്പിച്ചുതന്നു.'

ഈ സ്വപ്നത്തിന്റെ അർഥം വാസ്തവത്തിൽ വിശുദ്ധ ഖുർആൻ മനസ്സിലാക്കാനുള്ള കഴിവ് എന്റെയുള്ളിൽ നിക്ഷേപിച്ചുവെന്നാണ്. എന്റെയുള്ളിൽ അതിന്റെ കഴിവ് എത്രത്തോളമുണ്ടെന്നാൽ ഞാൻ അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്ത് പറയുന്നു: 'ഏതുസദസ്സിലും ഞാൻ സത്യം ചെയ്യാൻ തയ്യാറുമാണ്. അതായത് സൂറ ഫാത്തിഹ മുഖേനതന്നെ എല്ലാ ഇസ്‌ലാമിക ജ്ഞാനങ്ങളും എനിക്ക് വിവരിക്കാൻ കഴിയും.'

അദ്ദേഹം പൊതു സദസ്സിൽ പ്രസംഗിക്കുകയാണ്. ലോകത്തോട് പറയുകയാണ്, വെല്ലുവിളിക്കുകയാണ്. എന്നാൽ, ആർക്കുംതന്നെ അദ്ദേഹത്തെ അതുപോലെ നേരിടുന്നതിന് വരാൻ കഴിഞ്ഞിട്ടില്ല. വീണ്ടും പറയുന്നു: 'ഞാൻ കുട്ടിയായിരുന്നപ്പോൾ, അതായത് സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങളുടെ സ്കൂളിന്റെ ടീം അമൃതസറിലെ ഖാൽസ കോളേജ് ടീമുമായി കളിക്കാൻ പോയി. മത്സരം നടന്നു, ഞങ്ങളുടെ ടീം വിജയിച്ചു. മുസ്‌ലിമീങ്ങൾക്ക് നമ്മുടെ ജമാഅത്തിനോടു എതിർപ്പുണ്ടായിരുന്നിട്ടും ഒരു തരത്തിൽ ഇതുമുഖേന മുസ്‌ലിമീങ്ങൾക്ക് അഭിമാനമായിരുന്നു. അതുകൊണ്ട് അമൃതസറിലെ ഒരു നേതാവ് ഞങ്ങളെ ചായക്ക് ക്ഷണിച്ചു. ഞങ്ങൾ അവിടെയെത്തിയപ്പോൾ എന്നെ പ്രസംഗിക്കുന്നതിന് വേണ്ടി നിറുത്തുകയുണ്ടായി. ഞാൻ ഈ പ്രസംഗത്തിന് തയ്യാറെടുപ്പൊന്നും ചെയ്തിട്ടുണ്ടായിരുന്നില്ല. എന്നോടെഴുന്നേറ്റ് നില്ക്കാൻ പറഞ്ഞപ്പോൾ മലക്ക് തഫ്സീർ പഠിപ്പിച്ച സ്വപ്നം എനിക്കോർമ വന്നു. അപ്പോൾ ഞാൻ അതോടൊപ്പം അല്ലാഹുവിനോട് ദുആ ചെയ്തു: 'അല്ലാഹുവേ! നിന്റെ മലക്ക് എനിക്ക് സൂറ ഫാത്തിഹയുടെ തഫ്സീർ പഠിപ്പിച്ചു തന്നിരിക്കുന്നു. ഈ സ്വപ്നം നിന്റെ ഭാഗത്ത് നിന്നാണോ, അതല്ല എന്റെ മനസ്സ് വഞ്ചിക്കപ്പെട്ടതാണോ എന്ന് ഞാൻ പരീക്ഷിച്ചറിയാൻ ആഗ്രഹിക്കുന്നു.

ഈ സ്വപ്നം നിന്നിൽ നിന്നുള്ളതാണെങ്കിൽ എനിക്ക് സൂറ ഫാത്തിഹയിലെ ഇതിനുമുമ്പേ ലോകത്ത് ഒരു മുഫസ്സിറും വിവരിക്കാത്ത പോയന്റുകൾ പറഞ്ഞുതന്നാലും.' അങ്ങനെ ഈ ദുആ കഴിഞ്ഞുടനെ അല്ലാഹു എന്റെ മനസ്സിൽ ഒരു പോയന്റിട്ടു തന്നു. ഞാൻ പറഞ്ഞു: 'നോക്കുക! വിശുദ്ധ ഖുർആനിൽ അല്ലാഹു **ഗയ്‌രിൽ മഗ്ളൂബി അലയ്ഹിം വലാള്ളാല്ലീൻ** എന്ന ദുആ പഠിപ്പിച്ചിട്ടുണ്ട്. മുസ്‌ലിമീങ്ങളെ നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങളിലും നമസ്കാരത്തിന്റെ എല്ലാ റക്അത്തിലും കോപിക്കപ്പെട്ടവരും വഴിപിഴച്ചവരുമാകാതിരിക്കാൻ ദുആ ചെയ്യേണ്ടതാണ്. മഗ്ളൂബി എന്നതിന്റെ അർഥം നബി[സ] തിരുമേനി ഹദീഥുകളിൽ വിവരിച്ചിട്ടുണ്ട്. നബി[സ] തിരുമേനി പറയുന്നു: **മാഗ്ളൂബ്** എന്നതിന്റെ അർഥം യഹൂദി എന്നും **വലള്ളാല്ലീൻ** എന്നതിന്റെ അർഥം നസ്വറാക്കളെന്നുമാണ്. ചുരുക്കത്തിൽ **ഗയ്‌രിൽ മഗ്ളൂബി അലയ്ഹിം** എന്നതിന്റെ വിവക്ഷിതം നാഥാ! ഞങ്ങളെ യഹൂദികളാക്കരുതെന്നാകുന്നു. **വലള്ളാല്ലീൻ** എന്ന് കൊണ്ടുദ്ദേശിക്കുന്നത് ഞങ്ങളെ നസ്വാറാക്കളാക്കരുതെന്നുമാണ്. ഇതിന്റെ വിശദീകരണം മറ്റൊരു കാര്യത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്. അതായത് നബി[സ] തിരുമേനി പറഞ്ഞു: ഈ ഉമ്മത്തിൽ ഒരു മസീഹ് വരുന്നതാണ്. അദ്ദേഹത്തെ നിരാകരിക്കുന്നവർ തീർച്ചയായും യഹൂദ സ്വഭാവമുള്ളവരായി മാറും. മാത്രമല്ല നബി[സ] തിരുമേനി ഇത്രയും കൂടി പറഞ്ഞു: ക്രിസ്തീയതയുടെ ഫിത്ന ഒരു കാലഘട്ടത്തിൽ പ്രത്യേകമായും വർധിക്കുന്നതാണ്. ജനങ്ങൾ ഭക്ഷണത്തിനും ജോലിക്കും സമൂഹത്തിൽ ആദരവ് ലഭിക്കുന്നതിനുംവേണ്ടി ക്രിസ്തുമതം അവലംബിക്കുന്നതാണ്. അതല്ലെങ്കിൽ ചതിയിൽപെട്ട് തങ്ങളുടെ മതത്തിന്റെ അധ്യാപനങ്ങളെ കുറിച്ച് മനസ്സിലാക്കാതെ ക്രിസ്തുമതം സ്വീകരിക്കുന്നതായിരിക്കും. എന്നാൽ, കൗതുകകരമെന്ന് പറയട്ടെ മക്കയിൽ സൂറ ഫാത്തി

ഹ അവതരിച്ചപ്പോൾ ആ സമയത്ത് ക്രിസ്ത്യാനികൾ ഇസ്‌ലാമിന്റെ വലിയ ശത്രുക്കളായിരുന്നില്ല. യഹൂദികളും ഇസ്‌ലാമിന്റെ ശക്തരായ എതിരാളികളായിരുന്നില്ല. ആ സമയത്ത് ഏറ്റവുമധികം എതിർപ്പ് മക്കയിലെ വിഗ്രഹാരാധകരിൽ നിന്നാണുണ്ടായത്. പക്ഷേ, നാഥാ! ഞങ്ങളെ വിഗ്രഹാരാധകരാക്കരുത് എന്നല്ല ദുആ പഠിപ്പിച്ചത്. മറിച്ച് ഇങ്ങനെ ദുആ പഠിപ്പിച്ചു: നാഥാ! ഞങ്ങൾ യഹൂദികളും നസ്റാക്കളും ആകരുതേ! ഈ സൂറത്തു മുഖേന അല്ലാഹു നൽകുന്ന പ്രവചനം എന്തെന്നാൽ, മക്കയിലെ വിഗ്രഹാരാധകർ എന്നെന്നേക്കുമായി നാമാവശേഷമാകുന്നതായിരിക്കും. അവരുടെ പേരും ചൂരും ബാക്കിയാവുന്നതല്ല. അതുകൊണ്ട് അവരെ സംബന്ധിച്ച് മുസ്‌ലിമീങ്ങൾക്ക് ദുആ പഠിപ്പിക്കേണ്ട ആവശ്യമി ല്ലായിരുന്നു. എന്നാൽ, യഹൂദിയ്യത്തും ക്രൈസ്തവതയും ബാക്കിയാവുന്നതാണ്. അതുകൊണ്ട് ഇവരുടെ ഫിത്നകളിൽനിന്നു രക്ഷപെടാൻ എപ്പോഴും പ്രാർഥിച്ച് കൊണ്ടിരിക്കേണ്ടത് അനിവാര്യമാകുന്നു.' എന്റെ പ്രസംഗം കഴിഞ്ഞപ്പോൾ വലിയ വലിയ നേതാക്കന്മാർ എന്നെ കാണുകയും താങ്കൾ വിശുദ്ധ ഖുർആൻ നല്ലപോലെ പഠിച്ചിട്ടുണ്ടെന്നും ഞങ്ങൾ ഞങ്ങളുടെ ജീവിതത്തിൽ ആദ്യമായാണ് ഇക്കാര്യം കേൾക്കുന്നതെന്നും എന്നോട് പറയുകയും ചെയ്തു. കാര്യമെന്തെന്നാൽ എല്ലാ തഫ്സീറുകളും എടുത്ത് നോക്കുക. ഒരു മുഫസ്സിറും ഇന്നുവരെയും ഈ ഒരു കാര്യം പറഞ്ഞിട്ടില്ല. വാസ്തവത്തിൽ അന്ന്, അല്ലാഹു എനിക്ക് ഇക്കാര്യം വെളിപ്പെടുത്തിയപ്പോൾ എന്റെ പ്രായം കേവലം 20 വയസ്സിന്നടുത്തായിരുന്നു. ചുരുക്കത്തിൽ അല്ലാഹു അവന്റെ മലക്കു മുഖേന എനിക്ക് വിശുദ്ധ ഖുർആന്റെ അറിവ് നൽകുകയുണ്ടായി. അവൻ എന്റെയുള്ളിൽ നിക്ഷേപിച്ച കഴിവ് എങ്ങനെയുള്ളതായിരുന്നുവെന്നാൽ അത് ആർക്കെങ്കിലും ഖജനാവിന്റെ താക്കോൽ കിട്ടിയതു പോലെയായിരുന്നു. അതുപോലെ എനിക്ക് വിശുദ്ധ ഖുർആനിന്റെ വിജ്ഞാനങ്ങളുടെ താക്കോൽ കിട്ടികഴിഞ്ഞിട്ടുണ്ടായിരുന്നു. ലോകത്തുള്ള ഒരു പണ്ഡിതനും എന്റെ മുന്നിൽ നിൽക്കാൻ സാധ്യമല്ല. വിശുദ്ധ ഖുർആനിന്റെ മേന്മ അയാൾക്കുമേൽ വെളിപ്പെടുത്താതിരിക്കാൻ എനിക്ക് കഴിയില്ല. ഈ ലാഹോർ പട്ടണത്തിൽ യൂണിവേഴ്സിറ്റിയുണ്ട് ലാഹോറിലാണ് ഇത് അദ്ദേഹം പറഞ്ഞതെന്ന് തോന്നുന്നു. ഒരുപാട് കോളേജുകളും ഇവിടെ തുറന്നിട്ടുണ്ട്. വലിയ വലിയ വിജ്ഞാനത്തിൽ പ്രാവീണ്യം നേടിയിട്ടുള്ളവർ ഇവിടെ കാണപ്പെടുന്നു. ഞാൻ അവരോട് എല്ലാവരോടും പറയുന്നു: 'ലോകത്തിലെ ഏതു പണ്ഡിതനാണെങ്കിലും എന്റെ മുമ്പിൽ വന്നാലും ലോകത്തിലെ ഏതുപ്രൊഫസ്സറാണെങ്കിലും എന്റെ മുമ്പിൽ വന്നാലും ലോകത്തിലെ ഏതു ശാസ്ത്രജ്ഞൻ എന്റെ മുമ്പിൽ വന്നാലും അയാൾ വിശുദ്ധ ഖുർആനുമേൽ അക്രമം നടത്തി നോക്കട്ടെ. ഞാൻ അയാൾക്ക് അയാളുടെ ആക്ഷേപത്തിന് തക്കതായ മറുപടി നൽകിയെന്നു ലോകം അംഗീകരിക്കുന്ന രീതിയിലുള്ള മറുപടി എനിക്ക് നൽകാൻ കഴിയുന്നതായിരിക്കും. ഞാൻ വെല്ലുവിളിച്ചുകൊണ്ട് പറയുന്നു, ഞാൻ വിശുദ്ധ ഖുർആനിലെ ആയത്തുകൾ മുഖേനതന്നെ അയാൾക്ക് മറുപടി നൽകുന്നതാണ്. വിശുദ്ധ ഖുർആനിലെ അയാളുടെ ആക്ഷേപങ്ങൾ തിരസ്കൃതമാണെന്ന് കാണിക്കുന്നതാണ്.'*(മേഹി മുസ്‌ലിഹ് മൗഊദ് കി പേശ്ഗോഇ കാ മിസ്ദാഖ് ഹും, അൻവാറുൽഉലൂം വാല്യം 17, പേജ് 213-217)*

ഈ സംഭവം അദ്ദേഹം പറഞ്ഞതുപോലെ അദ്ദേഹത്തിന് അന്ന് 20 വയസ്സായിരുന്നു. അല്ലാഹുവിൽ ദൃഢഗാഢമായ വിശ്വാസമുണ്ടായിരുന്നു. എന്നാൽ, ഈ ദൃഢഗാഢമായ വിശ്വാസം എപ്പോഴാണുണ്ടായത്. ഇത് സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദുതന്നെ വിവരിക്കുന്നു. അതിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത് അല്ലാഹു ചെറുപ്പത്തിൽത്തന്നെ അദ്ദേഹത്തെ മുസ്‌ലിഹ് മൗഊദിന്റെ സാക്ഷാത്കാരമാക്കുകയായിരുന്നു എന്നാണ്.

അദ്ദേഹം പറയുന്നു: 'ക്രിസ്തബ്ദം 1900 എന്റെ ഹൃദയത്തിൽ ഇസ്‌ലാമികാധ്യാപനങ്ങളിലേക്ക് ശ്രദ്ധയുണ്ടാകുന്നതിന് നിമിത്തമായി. അന്നെനിക്ക് 11 വയസായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നു വേണ്ടി ഒരാൾ ഭംഗിയുള്ള ഒരു ജുബ്ബ കൊണ്ടുവന്നു. ഞാൻ ആ ജുബ്ബ അദ്ദേഹത്തിൽ നിന്നു വാങ്ങി. മറ്റൊന്നും കൊണ്ടല്ല അതിന്റെ നിറവും അതിലെ ചിത്ര പണിയും എനിക്ക് ഇഷ്ടപ്പെട്ടിരുന്നു. എനിക്ക് അത് ധരിക്കാൻ കഴിയുമായിരുന്നില്ല. കാരണം അതിന്റെ കാൽ ഭാഗം എന്റെ കാലുകൾക്കടിയിൽ താഴ്ന്നു കിടക്കുമായിരുന്നു. അങ്ങനെ എനിക്ക് പതിനൊന്ന് വയസ്സായപ്പോൾ 1900 ലെത്തിയപ്പോൾ അതായത് എന്റെ ഹൃദയത്തിൽ ഒരു ചിന്ത വന്നു, ഞാൻ എന്തിനാണ് അല്ലാഹുവിൽ വിശ്വസിക്കുന്നത്? അവന്റെ അസ്തിത്വത്തിന് എന്ത് തെളിവാണുള്ളത്. ഞാൻ ഒരു പാടു നേരം ഈ വിഷയത്തിൽ ചിന്തിച്ചു കൊണ്ടിരുന്നു. അവസാനം പത്തുപതിനൊന്ന് മണിയായപ്പോൾ അതേ! ദൈവമുണ്ടെന്ന് എന്റെ മനസ്സ് തീർച്ചപ്പെടുത്തി.

ആ നിമിഷം എനിക്ക് വളരെയധികം സന്തോഷകരമായ നിമിഷമായിരുന്നു. ഒരു കുട്ടിക്ക് തന്റെ മാതാവിനെ കിട്ടുമ്പോൾ ഉണ്ടാകുന്ന സന്തോഷംപോലെ എനിക്ക് എന്റെ സൃഷ്ടി കർത്താവിനെ കിട്ടി എന്ന സന്തോഷമാണുണ്ടായത്. ഇതായിരുന്നു പതിനൊന്നാമത്തെ വയസ്സിലെ ചിന്ത. കേട്ടുകേൾവിയാലുണ്ടായിരുന്ന വിശ്വാസം അറിഞ്ഞുകൊണ്ടുള്ള വിശ്വാസമായി. ഏതായാലും പറയുന്നു: എനിക്കെന്റെ സന്തോഷം അടക്കി വെക്കാൻ കഴിഞ്ഞില്ല. ഞാൻ ആ സമയത്ത് അല്ലാഹുവിനോട് ദുആ ചെയ്തു. ഒരു നീണ്ടകാലംവരെയും ചെയ്തു കൊണ്ടിരിക്കുകയും ചെയ്തു. അല്ലാഹുവേ! എനിക്ക് നിന്റെ അസ്തിത്വത്തെ കുറിച്ച് ഒരിക്കലും സംശയമുണ്ടാക്കരുതേ! അന്നെനിക്ക് പതിനൊന്ന് വയസ്സായിരുന്നു. ഇന്ന് മുപ്പത്തിയഞ്ചു വയസ്സായിരിക്കുന്നു. പക്ഷേ, ഇന്നും ഞാൻ ആ ദുആയെ വിലമതിക്കുന്നു. ഞാൻ ഇന്നും പ്രാർഥിക്കുന്നു: അല്ലാഹുവേ! നിന്റെ അസ്തിത്വത്തെ കുറിച്ച് എനിക്കൊരു സംശയവുമുണ്ടാകരുതേ. അന്ന് ഞാൻ കുട്ടിയായിരുന്നു. ഇന്നെനിക്ക് കൂടുതൽ അനുഭവങ്ങളുണ്ട്. ഇന്ന് ഞാൻ ഇതിൽ ഇത്രകൂടി ചേർത്ത് പറയുന്നു: 'അല്ലാഹുവേ! എനിക്കു നിന്റെ അസ്തിത്വത്തെ സംബന്ധിച്ച് അനുഭവജ്ഞാനം നൽകേണമേ.' ഏതായാലും അദ്ദേഹം പറയുന്നു: വിഷയം എവിടെ നിന്ന് എവിടേക്കാണ് പോയത്. ഞാൻ എഴുതി വന്നത്, ഹദ്ത്ത് മസീഹ് മൗഊദ്(അ)നോട് ഞാനാ ജുബ്ബ ചോദിച്ചുവെന്നാണ്. എന്റെ മനസ്സിൽ പലതരം ചിന്തകളുടെ തിരമാലകൾ ഉയരാൻ തുടങ്ങി. അതാണ് ഞാൻ മുകളിൽ പരാമർശിച്ചത്. ഒരു ദിവസം ളുഹാ നേരത്ത് അല്ലെങ്കിൽ ഇശ്റാഖ് നമസ്കാരത്തിന്റെ നേരത്ത് ഞാൻ വുളു ചെയ്തു. ആ ജുബ്ബ, അത് ഭംഗിയുള്ള കാരണം കൊണ്ടല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതും അനുഗ്രഹീതവാമായതു കൊണ്ടും ധരിച്ചു. ഒരു ദൈവ നിയോഗിതന്റെ പരിശുദ്ധിയെ സംബന്ധിച്ച എന്റെ മനസ്സിലുണ്ടായ ആദ്യത്തെ വികാരമായിരുന്നു അത്. ആ സമയത്ത് ഞാൻ വാതിലടച്ച് നല്ലപോലെ കരഞ്ഞ് കരഞ്ഞ് ദുആ ചെയ്ത് നഫൽ നമസ്കരിച്ചു. *(യാദെ അയ്യാം, അൻവാറുൽഉലൂം വാല്യം 8 പേജ് 365-366)*

പതിനൊന്ന് വയസ്സിൽ എങ്ങനെയാണ് അല്ലാഹുവിനെ തിരിച്ചറിയാൻ കഴിഞ്ഞതെന്ന് അദ്ദേഹം മറ്റൊരു സ്ഥലത്ത് വിശദീകരിച്ചിട്ടുണ്ട്. പറയുന്നു: 'എനിക്ക് പതിനൊന്ന് വയസ്സുള്ളപ്പോൾ അല്ലാഹു എനിക്ക് എന്റെ ആദർശത്തെ വിശ്വാസത്തിലേക്ക് മാറ്റാനുള്ള തൗഫീഖ് നൽകുകയുണ്ടായി. മഗ്‌രിബ് കഴിഞ്ഞ സമയമായിരുന്നു. ഞാനെന്റെ വീടിനു മുന്നിൽ നിൽക്കുകയാണ്. പെട്ടെന്ന് എന്റെ മനസ്സിൽ ഒരു ചിന്തയുണ്ടായി. എന്റെ പിതാവ് ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകനായതുകൊണ്ടാണോ അതല്ല ഈ പ്രസ്ഥാനം സത്യമായതുകൊണ്ടും ഇത് അല്ലാഹുവിൽ നിന്നുള്ളതായതുകൊണ്ടുമാണോ ഞാൻ അഹ്മദിയായിരിക്കുന്നത്. ഈ ചിന്ത വന്നതിനുശേഷം ഇക്കാര്യത്തിൽ ചിന്തിച്ച് തീരുമാനം എടുക്കുമെന്നും ഇനി അഹ്മദിയ്യത്ത് സത്യമല്ലെന്ന് മനസ്സിലായാൽ ഞാൻ എന്റെ റൂമിലേക്ക് പ്രവേശിക്കുകയില്ലെന്നും മറിച്ച് ഈ മുറ്റത്തുനിന്നുതന്നെ പോകുമെന്നും തീരുമാനിച്ചു. ഇത് പതിനൊന്ന് വയസ്സുള്ള ഒരു കുട്ടിയുടെ ചിന്തയായിരുന്നു. ഏതായാലും ഈ തീരുമാനം എടുത്ത് ഞാൻ ചിന്തിക്കാൻ തുടങ്ങി. സ്വാഭാവികമായും അതിന്റെ പരിണിതിയായി ചില തെളിവുകൾ എന്റെ മുന്നിൽ വന്നു. ഞാൻ അവയെ വിമർശിച്ചു. ഒരു തെളിവ് നൽകുമ്പോൾ ഞാൻ അതിനെ ഖണ്ഡിച്ചു. പിന്നെ മറ്റൊരു തെളിവ് നൽകുമ്പോൾ അതിനെയും നിരാകരിച്ചു. മൂന്നാമത് ഒരു തെളിവ് വന്നു. അതിനെയും ഞാൻ ഖണ്ഡിക്കുകയുണ്ടായി. എത്രത്തോളമെന്നാൽ എന്റെ മുന്നിൽ മറ്റൊരു പ്രശ്നമുദിച്ചു. മുഹമ്മദ്(സ)അല്ലാഹുവിന്റെ സത്യപ്രവാചകനായിരുന്നോ? ഞാൻ നബി(സ) തിരുമേനിയെ അംഗീകരിക്കുന്നത് എന്റെ മാതാപിതാക്കൾ നബി(സ)തിരുമേനി സത്യവാനാണെന്ന് വിശ്വസിക്കുന്നത് കൊണ്ടാണോ? അതല്ല തെളിവുകളുടെ അടിസ്ഥാനത്തിലാണോ നബി(സ) സത്യപ്രവാചകനാണെന്ന് ഞാൻ മനസ്സിലാക്കുന്നത്? ഈ ചോദ്യം എന്റെ മുന്നിൽ വന്നപ്പോൾ ഞാൻ ഇതിനും മറുപടി കണ്ടെത്തുമെന്ന് തീരുമാനിച്ചു. അതിനുശേഷം സ്വാഭാവികമായും അല്ലാഹുവിനെ സംബന്ധിച്ച് എന്റെയുള്ളിൽ ചോദ്യങ്ങൾ ഉടലെടുക്കാൻ തുടങ്ങി. അല്ലാഹു ഉണ്ടെന്ന് ഞാൻ വെറുതെ വിശ്വസിക്കുന്നതാണോ? അതല്ല ഈ ലോകത്തിന് ഒരു ദൈവമുണ്ടെന്ന് എനിക്ക് വ്യക്തമായത് കൊണ്ടാണോ ഞാൻ വിശ്വസിക്കുന്ന

തെന്ന ചോദ്യത്തിനും മറുപടി കണ്ടെത്തേണ്ടിയിരിക്കുന്നു. അങ്ങനെ അല്ലാഹുവിനെ സംബന്ധിച്ചുള്ള ചോദ്യത്തിന് ഞാൻ ചിന്തിക്കാൻ തുടങ്ങി. എന്റെ മനസ്സ് പറഞ്ഞു, ദൈവമുണ്ടെങ്കിൽ മുഹമ്മദ്(സ) സത്യ റസൂലാണ്. മുഹമ്മദ്(സ) സത്യ പ്രവാചകനാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സത്യവാനാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സത്യവാനാണെങ്കിൽ അഹ്മദിയ്യത്തും തീർച്ചയായും സത്യമാണ്. ഇനി ഈ ലോകത്തിന് ദൈവമി ല്ലെങ്കിൽ പിന്നെ ഇതിലൊന്നും തന്നെ സത്യമില്ല.' ഏതായാലും പറയുന്നു: 'ഈ ചോദ്യത്തിന് മറുപടി തീർച്ചയായും കണ്ടെത്തുമെന്ന് ഞാൻ തീരുമാനിച്ചു. എന്റെ മനസ്സ് ദൈവമില്ലെന്നാണ് തീരുമാനിക്കുന്നതെങ്കിൽ ഞാൻ എന്റെ വീട്ടിൽ നിൽക്കുന്നതല്ല! മറിച്ച് ഉടൻതന്നെ പുറത്ത് പോകുന്നതാണ്.' അദ്ദേഹം പറയുന്നു: ഈ തീരുമാനം എടുത്ത് ഞാൻ ചിന്തിക്കാൻ തുടങ്ങി. ചിന്തിച്ച് കൊണ്ടേ ഇരുന്നു. എന്റെ പ്രായമാനുസരിച്ച്, വളരെ ചെറിയ പ്രായമാണ്. ആ സമയത്ത് ബുദ്ധിപരമായ ഒരു മറുപടി കൊടുക്കാൻ കഴിഞ്ഞില്ല. എന്നിട്ടും ഞാൻ ചിന്തിച്ച് കൊണ്ടേ ഇരുന്നു. എത്രത്തോളമെന്നാൽ എന്റെ ബുദ്ധി ക്ഷീണിച്ചു തുടങ്ങി. ആ സമയത്ത് ഞാൻ ആകാശത്തേക്ക് നോക്കി. അന്ന് മേഘങ്ങളില്ലായിരുന്നു. അല്ലാഹു അദ്ദേഹത്തിന് ഇങ്ങനെ മനസ്സിലാക്കി കൊടുക്കാൻ ആഗ്രഹിച്ചിരുന്നു. പറയുന്നു: ആകാശം തികച്ചും തെളിഞ്ഞതായിരുന്നു. നക്ഷത്രങ്ങൾ വളരെ പ്രസന്നമായി ആകാശത്ത് മിന്നുന്നുണ്ടായിരുന്നു. ഒരു ക്ഷീണിച്ച മസ്തിഷകത്തിന് ഇതിലും അധികം സന്തോഷപ്രദമായ മറ്റെന്ത് കാഴ്ചയാണ് വേണ്ടത്. ക്ഷീണിതനായിരുന്നു. ഞാൻ ആകാശത്തേക്ക് നോക്കിക്കൊണ്ടേ ഇരുന്നു. ഞാൻ സന്തോഷിച്ചു കൊണ്ടിരുന്നു. നക്ഷത്രങ്ങളെ നോക്കാൻ തുടങ്ങി. എത്രത്തോളമെന്നാൽ ഞാൻ ആ നക്ഷത്രങ്ങളിൽ അലിയുകയുണ്ടായി. പിന്നെ എന്റെ മനസ്സിന് നവോന്മേഷം കിട്ടിയപ്പോൾ ഞാൻ മനസ്സിൽ പറഞ്ഞു: 'എത്ര നല്ല നക്ഷത്രങ്ങളാണ്. ഈ നക്ഷത്രങ്ങൾക്കുശേഷം എന്തായിരിക്കും? എന്റെ ബുദ്ധി അതിന് മറുപടിയായി പറഞ്ഞു, 'അതിനുശേഷം മറ്റു നക്ഷത്രങ്ങളുണ്ടായിരിക്കും. പിന്നെ ഞാൻ പറഞ്ഞു, അതിന് ശേഷമെന്തായിരിക്കും? അതിനും എന്റെ മനസ്സ് അതെ മറുപടി തന്നെ നൽകി. അതിനുശേഷം വേറെ നക്ഷത്രങ്ങളുണ്ടായിരിക്കും. പിന്നെ എന്റെ മനസ്സ് പറഞ്ഞു. അങ്ങനെയെങ്കിൽ അതിനുശേഷമെന്തായിരിക്കും. വീണ്ടും എന്റെ ബുദ്ധി പഴയ മറുപടി തന്നെ നൽകി, അവക്കുശേഷം മറ്റു നക്ഷത്രങ്ങളു ണ്ടായിരിക്കും. ഞാൻ പറഞ്ഞു: ശരി! അങ്ങനെയെങ്കിൽ അതിനുശേഷമെന്തായിരിക്കും? അതിനു മറുപടിയായി എന്റെ മനസ്സും ബുദ്ധിയും എന്നോട് പറഞ്ഞു, വേറെ നക്ഷത്രങ്ങളുണ്ടായിരിക്കും. എന്റെ മനസ്സ് പറഞ്ഞു ഒന്നിനുശേഷം രണ്ടാമതും മൂന്നാമതും നാലാമതും നക്ഷത്രങ്ങൾ മാത്രമാണോ? ഈ ശൃംഘല അവസാനിക്കുന്നില്ലേ? ഇനി അവസാനിക്കുന്നെങ്കിൽ അതിനുശേഷമെന്തായിരിക്കും? ഈ പ്രശ്നത്തെ സംബന്ധിച്ചു തന്നെയാണ് അധികമാളുകളും അത്ഭുതം കൂറുന്നത്. അവർ പറയുന്നു: ഞങ്ങൾ പറയുന്നത് ദൈവം അനന്തനാണെന്നാണ്. എന്താണ് അതിന്റെ അർഥം? നമ്മൾ പറയുന്നു ദൈവം ശാശ്വതാണെന്ന്. എന്താണ് അതിന്റെ അർഥം? അവസാനം എന്തെങ്കിലുമൊരു പരിധി ഉണ്ടായിരിക്കണമല്ലോ? ഈ ചോദ്യമാണ് നക്ഷത്രങ്ങളെ സംബന്ധിച്ച് എന്റെ മനസ്സിൽ ഉടലെടുത്തത്. ഞാൻ പറഞ്ഞു, അവസാനം ഇത് എവിടെയെങ്കിലും തീരുന്നുണ്ടോ? ഇനി അത് തീരുന്നുവെങ്കിൽ അതിനുശേഷമെന്തായിരിക്കും. ഇനി തീരുന്നില്ലെങ്കിൽ ഈ ശൃംഘലക്ക് ഒരു പരിധിയുമില്ലേ? എന്റെ ബുദ്ധി ഇവിടംവരെ എത്തിയപ്പോൾ ഞാൻ പറഞ്ഞു, ദൈവാസ്തിത്വത്തെ സംബന്ധിച്ച് പരിമിതമാണോ അപരിമിതമാണോ എന്ന ചോദ്യംതന്നെ തികച്ചും വ്യർഥമാണ്. അല്ലാഹുവിനെ സംബന്ധിച്ചുള്ള ചോദ്യം വിടൂ. എന്റെ കൺമുമ്പിൽ കാണുന്ന ഈ നക്ഷത്രങ്ങളെ സംബന്ധിച്ച് എന്താണ് പറയാനുള്ളത്? ഇതിനെ നാം പരിമിതമാണെന്ന് പറയുകയാണെങ്കിൽ പരിമിതം എന്ന പറയുന്നതിനുശേഷം മറ്റൊരു വസ്തുവാണ് ആരംഭിക്കേണ്ടത്. ഇവിടെ പ്രശ്നമെന്താണെന്നാൽ ഇത് പരിമിതമാണെങ്കിൽ അതിനുശേഷംമെന്തായിരിക്കും. ഇനി അത് പരിമിതമാണെങ്കിൽ അതിനുശേഷമെന്തായിരിക്കും. ഇനി ഇത് അപരിമിതമാണെങ്കിൽ നക്ഷത്രങ്ങൾ അപരിമിതമെന്നു അംഗീകരിക്കുന്ന മനുഷ്യന് എന്തുകൊണ്ട് അല്ലാഹു അപരിമിതനാണെന്ന് സമ്മതിക്കാൻ കഴിയുന്നില്ല. അപ്പോൾ എന്റെ മനസ്സ് പറഞ്ഞു: അതെ! തീർച്ചയായും ദൈവമുണ്ട്. കാരണം അവൻ പ്രപഞ്ച നിയമത്തിൽത്തന്നെ തന്റെ അസ്തിത്വത്തെ കുറിച്ച് ഉയരാവുന്ന അതെ ആരോപണത്തിന് ഇട നൽകിയിട്ടുണ്ട്. അവൻ പറയുന്നത് നിങ്ങൾ എന്നെ അഗോചരനാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ നിങ്ങളുടെ കൺമുമ്പിലുള്ള ഈ വസ്തുക്കൾ സംബന്ധിച്ച് നിങ്ങൾക്കെന്താണ് പറയാനുള്ളത്. നിങ്ങൾക്ക് എന്നെ പറ്റിയുള്ള അതെ ആരോപണങ്ങൾ തന്നെയാണ് ഈ വസ്തുക്കളിലും പതിക്കുന്നത്. ഇതിന് നിങ്ങൾക്ക് ഒരു മറുപടിയുമില്ല. നിങ്ങൾ അല്ലാഹുവിനെ സംബന്ധിച്ച് ഒരു തത്ത്വദീക്ഷയും കൂടാതെ പറയുന്നു, അവൻ അനന്തനാണെന്ന കാര്യം ഞങ്ങൾക്ക് മനസ്സിലാകുന്നില്ലെന്ന്! മറ്റൊരു സ്ഥലത്ത് അദ്ദേഹം പറയുന്നു: 'ഈ തെളിവ് മുഖേന ദൈവാസ്തിത്വത്തെ സംബന്ധിച്ച് എനിക്ക് ബോധ്യമായപ്പോൾ നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യവും എനിക്ക് വ്യക്തമായി.' *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 19, പേജ് 689 –692)*

ഏതായിരുന്നാലും അദ്ദേഹം വിജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടുന്നതാണ് എന്നതിന് ഇതൊരു തെളിവാകുന്നു. ഒരു സാധാരണ പഠിപ്പുള്ള കുട്ടിയുടെ മനസ്സിൽ ഇങ്ങനെയുള്ള ചോദ്യം ഉണ്ടാക്കുകയും പിന്നെ സ്വയം മാർഗ്ഗദർശനം നൽകുകയും ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ സംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വെച്ചുപുലർത്തിയിരുന്ന ചിന്താഗതി എന്തായിരുന്നു! ഇതിനെക്കുറിച്ച് ഖലീഫത്തുൽ മസീഹ് അവ്വൽ പറയുന്നു: 'ഇതിൽ നിന്നു ഈ കുട്ടി തന്നെയാണ് മുസ്‌ലിഹ് മൗഊദിന്റെ സാക്ഷാത്കാരമെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നുവെന്നാണ് നമുക്ക് മനസ്സിലാകുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒന്ന് രണ്ടു സംഭവങ്ങൾ പരാമർശിച്ചിട്ടുണ്ട്. പറയുന്നു: 'നീണ്ട കാലമായി ആദ്യം ഞാൻ ഏതാനും സുഹൃത്തുക്കളുമായി ചേർന്ന് തശ്ഹീസുൽ അസ്ഹാൻ മാസിക ആരംഭിച്ചിട്ടുണ്ടായിരുന്നു. ഈ മാസിക വെളിച്ചത്തു കൊണ്ടുവരാൻ ഒരു ലേഖനം ഞാൻ തയ്യാറാക്കി. അതിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിവരിച്ചിട്ടുണ്ടായിരുന്നു. അത് പ്രസിദ്ധീകരിച്ചപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ അതിനെ പ്രത്യേകമായും പ്രശംസിച്ചു. എന്നിട്ട് പറഞ്ഞു: 'ഈ ലേഖനം അങ്ങ് വായിക്കാൻ മാത്രം പ്രസക്തമാണ്. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ മാസിക വരുത്തിക്കുകയും മൗലവി മുഹമ്മദ് അലി സാഹിബിനെ കൊണ്ടാണെന്ന് തോന്നുന്നു ആ ലേഖനം വായിച്ച് കേൾക്കുകയും അതിനെ ശ്ലാഘിക്കുകയും ചെയ്തു. പിന്നെ ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)നെ കാണുകയുണ്ടായി. ആദ്യം അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ വെച്ച് അതിനെ പ്രശംസിച്ചതായിരുന്നു. എന്നാൽ, പിന്നീട് വ്യക്തിപരമായും എന്നോട് പറഞ്ഞു: 'മകനേ! നിന്റെ ലേഖനം വളരെ നന്നായിട്ടുണ്ട്. പക്ഷേ, എന്റെ മനസ്സിന് സംതൃപ്തിയായിരുന്നില്ല.' പറയുന്നു: 'ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. 'ഒട്ടകം നാല്പതിനും കുട്ടി നാല്പത്തിരണ്ടിനും'എന്ന ഒരു ചൊല്ല് ഞങ്ങളുടെ നാട്ടിലുണ്ട്. അതായത് ഒട്ടകത്തിന്റെ വില കുറ

ശേഷം പേജ് 9 ൽ


**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• കലാമുൽ ഇമാം •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഖുത്ബ ജുമുഅ

**അല്ലാഹു അങ്ങയ്ക്ക് രണ്ടു മരണങ്ങളെ ഒരുമിച്ചു കൂട്ടുന്നതല്ല. അങ്ങയുടെ മരണം കാരണം തീർച്ചയായും ലോകത്തിനുണ്ടായ നഷ്ടം മറ്റൊരു നബിയുടെയും മരണംകൊണ്ട് ഉണ്ടായിട്ടില്ല.**
**അങ്ങയുടെ അസ്തിത്വം എല്ലാത്തിനും മീതെയാകുന്നു. ഒരു വിലാപംകൊണ്ടും അങ്ങയുടെ വേർപാടിന്റെ വേദന മാറ്റാൻ കഴിയാത്തത്ര ഉന്നതമാകുന്നു അങ്ങയുടെ മഹത്ത്വം. അങ്ങയുടെ മരണത്തെ തടുക്കാൻ ഞങ്ങൾക്ക് ശക്തി ഉണ്ടായിരുന്നെങ്കിൽ ഞങ്ങൾ എല്ലാവരും ഞങ്ങളുടെ ജീവൻ കൊടുത്തുകൊണ്ട് അങ്ങയുടെ മരണത്തെ തടുക്കുമായിരുന്നു.(ഹദ്റത്ത് അബൂബക്ർ(റ))**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

അബൂബക്റിനു പുറമെ മറ്റാരെങ്കിലും നമസ്കരിപ്പിക്കുന്നതിനെ അല്ലാഹുവും മുസ്ലിമീങ്ങളും ഇഷ്ടപ്പെടുന്നില്ല.

**അല്ലാഹുവാണ! ഈ ആയത്ത് അബൂബക്ർ ഓതുന്നതുവരെ ഇങ്ങനെയൊരു ആയത്ത് അല്ലാഹു ഇറക്കിയിട്ടുണ്ടെന്ന് ആളുകൾക്ക് അറിയില്ലായിരുന്നു.**

**'ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഈ ഉമ്മത്തിനുമേലുള്ള വലിയ ഒരു ഔദാര്യം-അതിന് നന്ദി പ്രകടിപ്പിക്കാൻ സാധ്യമല്ല-അദ്ദേഹം എല്ലാ സ്വഹാബാക്കളെയും(റ.ഹു)മസ്ജിദ് നബ്‌വിയിൽ ഒരുമിച്ചുകൂട്ടി ഈ ആയത്ത് അതായത്, മുമ്പേ വന്ന പ്രവാചകന്മാരെല്ലാം മരണപ്പെട്ടിരിക്കുന്നുവെന്നകാര്യം കേൾപ്പിച്ചില്ലായിരുന്നുവെങ്കിൽ ഈ സമുദായം നാശമടഞ്ഞേനെ!(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

**അമീർ ഞങ്ങളിൽ നിന്നായിരിക്കും. നിങ്ങൾ സഹായികളായിരിക്കും. എല്ലാ പ്രധാന കാര്യങ്ങളിലും നിങ്ങളുമായി കൂടിയാലോചിക്കുന്നതാണ്. നിങ്ങളെക്കൂടാതെ സുപ്രധാനമായ ഒരു കാര്യത്തിലും തീരുമാനം എടുക്കുന്നതുമല്ല.**

**വർത്തമാന കാലത്തെ അവസ്ഥകളിൽ ദുആ ചെയ്യാൻ അഹ്മദികളോടു ആഹ്വാനം**

**ഇവർ അല്ലാഹുവിനെ തിരിച്ചറിയുന്നവരാകുമാറാകട്ടെ. തങ്ങളുടെ ഭൗതിക ആഗ്രഹങ്ങളുടെ തൃപ്തി കരസ്ഥമാക്കുന്നതിന് മനുഷ്യജീവൻകൊണ്ട് കളിക്കാതിരിക്കട്ടെ.**

ജമാഅത്തിന്റെ മുബല്ലിഗ് ഖുശീ മുഹമ്മദ് ശാക്കിർ സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2022 ഫെബ്രുവരി 25/1401 തബ്ലീഗ് 25,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്,(സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)നെ കുറിച്ചുള്ള അനുസ്മരണമാണ് നടന്നു വരുന്നത്. ഇതിൽ ഹജ്ജത്തുൽ വിദായുടെ സന്ദർഭത്തെ കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: നബി(സ)തിരുമേനി ഹജ്ജത്തുൽ വിദായ്ക്കുവേണ്ടി ഹിജ്റ പത്താം വർഷം വ്യാഴ്ച ദിവസം ദുൽഖഅദ് മാസം ആറു ദിവസം ബാക്കിയുള്ളപ്പോൾ പുറപ്പെട്ടു. ഒരു നിവേദനത്തിൽ നബി(സ)തിരുമേനി ശനിയാഴ്ച പുറപ്പെട്ടുവെന്നുമുണ്ട്. *(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 361, ബാബു ഹജ്ജത്തുൽവിദാഅ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)*

എന്തായാലും അതിലൊരു നിവേദനം വരുന്നുണ്ട്. ഹദ്റത്ത് അസ്മാ ബിൻത് അബീബക്ർ വിവരിക്കുന്നു. നബി(സ)തിരുമേനി ഹജ്ജത്തുൽ വിദായ്ക്കുവേണ്ടി തീരുമാനമെടുത്തപ്പോൾ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ പക്കൽ ഒരു ഒട്ടകമുണ്ട്. നമുക്കതിൽ പാഥേയങ്ങൾ വെക്കാം.' നബി(സ)തിരുമേനി പറഞ്ഞു: 'അങ്ങനെ ചെയ്തുകൊള്ളുക.' നബി(സ)തിരുമേനിയുടേയും ഹദ്റത്ത് അബൂബക്ർ സിദ്ദീഖി(റ)ന്റേയും സാധനങ്ങൾ കയറ്റാൻ ഒരു ഒട്ടകമേ ഉണ്ടായിരുന്നുള്ളു. നബി(സ)തിരുമേനി കുറച്ച് ആട്ടയും കുറച്ച് മലർപ്പൊടിയും പാഥേയമായി തയ്യാറാക്കിയിട്ടുണ്ടായിരുന്നു. അത് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ഒട്ടകപ്പുറത്തുവെച്ചു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) അതിനെ തന്റെ ഭൃത്യനെ ഏല്പിക്കുകയും ചെയ്തു.

ഹദ്റത്ത് അസ്മാ ബിൻത് അബീബക്ർ വിവരിക്കുന്നു: ഞങ്ങൾ നബി(സ)തിരുമേനിയുടെ കൂടെ ഹജ്ജിന് പുറപ്പെട്ടു. അങ്ങനെ ഞങ്ങൾ 'അർജ്' എന്ന സ്ഥലത്ത് ആയിരുന്നപ്പോൾ നബി(സ)തിരുമേനി സവാരിയിൽനിന്ന് ഇറങ്ങി. ഞങ്ങളും ഇറങ്ങി. ആഇശാ(റ), നബി(സ)തിരുമേനിയുടെ ഒരു വശത്തിരുന്നു. ഞാൻ എന്റെ പിതാവിന്റെ ഒരു വശത്തിരുന്നു. നബി(സ)തിരുമേനിയുടേയും ഹദ്റത്ത് അബൂബക്റിന്റേയും സാധനങ്ങൾ ഒരുമിച്ച് ഒരു ഒട്ടകപ്പുറത്തായിരുന്നു ഉണ്ടായിരുന്നത്. നേരത്തെ പറഞ്ഞതുപോലെ അത് ഹദ്റത്ത് അബൂബക്റിന്റെ ഭൃത്യന്റെ പക്കലായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) അയാൾ വരാൻ കാത്തു നിൽക്കുകയാണ്. അങ്ങനെ ആ ഭൃത്യൻ വന്നു. പക്ഷേ, അയാളുടെ ഒട്ടകം അയാളുടെ കൂടെ ഇല്ലായിരുന്നു. ഹദ്റത്ത് അബൂബക്ർ ചോദിച്ചു ഒട്ടകം എവിടെ? അയാൾ പറഞ്ഞു: 'കഴിഞ്ഞരാത്രി അത് നഷ്ടപ്പെട്ടിരിക്കുന്നു.' ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'ഒരു ഒട്ടകമേ ഉണ്ടായിരുന്നുള്ളു. അതും നീ നഷ്ടപ്പെടുത്തിയോ?' അങ്ങനെ ഹദ്റത്ത് അബൂബക്ർ അയാളെ അടിക്കാൻ എഴുന്നേറ്റു. നബി(സ) തിരുമേനി പുഞ്ചിരിക്കുകയായിരുന്നു. അവിടന്ന് പറഞ്ഞു: ഈ മുഹർരിമിനെ നോക്കുക അയാളെന്താണ് ചെയ്യുന്നത്. ഇബ്നി അബി റിസ്മ പറയുന്നു: 'നബി(സ)തിരുമേനി പറഞ്ഞു: ആ'മുഹരിം'നെ നോക്കുക. അയാൾ എന്താണ് ചെയ്യുന്നത്? ഇങ്ങനെ ചോദിച്ചുവെന്നല്ലാതെ ഒന്നും പറ

ഞ്ഞിരുന്നില്ല. നബി(സ)തിരുമേനി പുഞ്ചിരിക്കുകയായിരുന്നു.*(സുബുലുൽഹുദാ വർറശാദ്, വാല്യം 7, പേജ് 12-13, പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)(സുനൻ അബൂദാവൂദ്, കിതാബുൽമനാസിക്, ഹദീഥ് നമ്പർ 1818)*

ഏതായിരുന്നാലും നബി(സ)തിരുമേനിയുടെ പാഥേയം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് സ്വഹാബാക്കൾക്ക് അറിവ് ലഭിച്ചപ്പോൾ അവർ 'ഹീസ്'കൊണ്ടുവന്നു. 'ഹീസ്' എന്ന് പറയുന്നത് ഒരു സ്വാദിഷ്ടമായ ഹൽവയാണ്. അത് ഈത്തപ്പഴവും ഗോതമ്പുപൊടിയും വെണ്ണയും ചേർത്ത് തയ്യാറാക്കുന്നതാണ്. അത് നബി(സ) തിരുമേനിയുടെ മുന്നിൽ കൊണ്ട് വന്നു വെച്ചു. ഹദ്റത്ത് അബൂബക്ർ തന്റെ ഭൃത്യനോട് ദേഷ്യപ്പെടുകയായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: 'അബൂബക്റേ! സൗമ്യനാകുക! ഈ കാര്യം നിങ്ങളുടെ പരിധിയിലോ നമ്മുടെ പരിധിയിലോ അല്ല. ആ ഭൃത്യൻ ഒട്ടകം നഷ്ടപ്പെടാതിരിക്കാൻതന്നെയായിരിക്കും ശ്രമിച്ചിട്ടുണ്ടാകുക. പക്ഷേ, അത് നഷ്ടപ്പെട്ടിരിക്കുന്നു.' ഏതായിരുന്നാലും നബി(സ) തിരുമേനി പറഞ്ഞു: 'ഇത് കഴിക്കുക. ഒരു നല്ല പരിശുദ്ധ ഭക്ഷണം വന്നിരിക്കുകയാണ്. അല്ലാഹു ഇത് നമുക്കുവേണ്ടി അയച്ചു തന്നതാണ്. ഈ ഭൃത്യന്റെ അടുത്തുണ്ടായിരുന്ന നമ്മുടെ ഭക്ഷണത്തിന് പകരമാണിത്. ശേഷം നബി(സ)തിരുമേനിയും അബൂബക്റും ഭക്ഷണം കഴിച്ചു. അവരോടൊപ്പം ഭക്ഷണം കഴിക്കാറുണ്ടായിരുന്ന ആളുകളും വയറു നിറയെ ഭക്ഷണം കഴിച്ചു. അതിനുശേഷം ഹദ്റത്ത് സ്വഫ്വാൻ ബിൻ മുഅത്ത്വൽ എത്തി. അദ്ദേഹത്തിന്റെ ചുമതല യാത്രാസംഘത്തിന്റെ പിന്നാലെ നടക്കുക എന്നതായിരുന്നു. നാടൻ കാര്യങ്ങളാണ് അദ്ദേഹത്തെ ചുമതലപ്പെടുത്തിയിരുന്നത്. ഇഫ്കിന്റെ സംഭവത്തിൽ വിവരിച്ചിരുന്നതുപോലെ അദ്ദേഹം പിന്നിൽ വീണുപോയ എന്തെങ്കിലും സാധനമുണ്ടോ എന്നെല്ലാം നോക്കുമായിരുന്നു. ഹദ്റത്ത് സ്വഫ്വാൻ വന്നപ്പോൾ അദ്ദേഹത്തോടൊപ്പം ഒട്ടകവുമുണ്ടായിരുന്നു. അതിനുമേൽ ഭക്ഷണ സാധനങ്ങളുമുണ്ടായിരുന്നു. അദ്ദേഹം ഒട്ടകത്തെ നബി(സ)തിരുമേനിയുടെ തമ്പിന്റെ വാതിൽക്കൽ കൊണ്ടുവന്നിരുത്തി. അപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്റിനോടു പറഞ്ഞു: 'നമ്മൾ വെള്ളം കുടിച്ചിരുന്ന ഒരു പാത്രം ഒഴികെ മറ്റൊന്നും നഷ്ടപ്പെട്ടിട്ടില്ല.' അപ്പോൾ ഭൃത്യൻ പറഞ്ഞു: 'ആ പാത്രം നേരത്തെതന്നെ എന്റെ പക്കലുണ്ട്.' *(അസ്സീറത്തുൽഹൽബിയ്യ, വാല്യം 3, പേജ് 365, ബാബു ഹജ്ജത്തുൽവിദാഅ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002) (ഫർഹങ്കെ സീറത്ത്, പേജ് 110, സവാർ അക്കാഡമി കറാച്ചി 2003)*

ഹദ്റത്ത് അബൂബക്ർ(റ) നിവേദനം. ഹജ്ജത്തുൽ വിദായുടെ സന്ദർഭത്തിൽ അദ്ദേഹം നബി(സ) തിരുമേനിയുടെ കൂടെ ഹജ്ജിന് പുറപ്പെട്ടു. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ പത്നി അസ്മാ ബിൻത് ഉമയ്സും(റ) ഉണ്ടായിരുന്നു. അങ്ങനെ അവർ ദുൽഹുലയ്ഫയിൽ എത്തിയപ്പോൾ അവിടെയാണ് അസ്മായിൽനിന്ന് മുഹമ്മദ് ബിൻ അബിബക്ർ ജനിച്ചത്. ദുൽഹുലയ്ഫ മദീനയിൽനിന്ന് ആറേഴു മൈൽ അകലെയുള്ള സ്ഥലമാണ്. ഹദ്റത്ത് അബൂബക്ർ, നബി(സ)തിരുമേനിയുടെ അടുക്കലെത്തി ഇങ്ങനെ കുട്ടി ജനിച്ചിരിക്കുന്നു എന്ന വിവരം നബി(സ)തിരുമേനിയെ അറിയിച്ചു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അസ്മയോട് പറയുക. കുളിച്ചതിനുശേഷം പിന്നെ ഹജ്ജിനുള്ള ഇഹ്റാം കെട്ടുകയെന്ന്! ബയ്ത്തുല്ലായുടെ ത്വവാഫ് ഒഴികെ ഹാജിമാർ ചെയ്യുന്ന എല്ലാ കർമങ്ങളും ചെയ്യാനും പറയുക.' *(സുനനുന്നസാഇ, കിതാബു മനാസിക്കുൽഹജ്ജ്, ഹദീഥ് നമ്പർ 2464) (മുഅ്ജമുൽബുൽദാൻ, വാല്യം 2, പേജ് 339, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

നബി(സ)തിരുമേനി ഉസ്ഫാൻ താഴ്വരയിലൂടെ പോകുമ്പോൾ ചോദിച്ചു: 'അബൂബക്റേ! ഇത് ഏതു താഴ്വരയാണ്?' അബുബക്ർ(റ) പറഞ്ഞു: 'ഇത് ഉസ്ഫാൻ താഴ്വരയാണ്' നബി(സ)തിരുമേനി പറഞ്ഞു: 'ഇവിടെനിന്നാണ് ഹദ്റത്ത് ഹൂദും ഹദ്റത്ത് സ്വാലിഹും രണ്ടു ചെമന്ന ഒട്ടകങ്ങളിൽ സവാരി ചെയ്തുകൊണ്ട് -അതിന്റെ പല്ലക്ക് ഈത്തപ്പനയുടെ ചകിരികൊണ്ടുള്ളതായിരുന്നു- മേലങ്കി അണിഞ്ഞ് അതിനു മീതെ വെള്ളയും കറുപ്പും അടയാളമുള്ള പുതപ്പും പുതച്ച് തൽബിയത്ത്(തക്ബീർ) ചൊല്ലിക്കൊണ്ട് ബയ്ത്തുൽ അതീഖിലേക്ക് ഹജ്ജിനുവേണ്ടി പുറപ്പെട്ടത്.' *(സുബുലുൽഹുദാ വർറശാദ്, വാല്യം 8, പേജ് 461, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

ഹജ്ജത്തുൽ വിദായുടെ യാത്രയിൽ ആരുടെയെല്ലാം പക്കലാണോ ഖുർബാനിയുടെ മൃഗങ്ങളു ണ്ടായിരുന്നത് അവരിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖും ഉൾപ്പെട്ടിരുന്നു. *(അസ്സീറത്തുൽഹൽബിയ്യ, വാല്യം 3, പേജ് 369, ബാബു ഹജ്ജത്തുൽവിദാഅ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)*

ഹദ്റത്ത് അബൂബക്ർ വിവരിക്കുന്നു: 'ഞാൻ ഹജ്ജത്തുൽ വിദായിൽ കാണുന്നത് ബലി നൽകുന്ന സ്ഥലത്തു സുഹയ്ൽ ബിൻ അംറ് നിൽക്കുന്നതാണ്. നബി(സ)തിരുമേനിയുടെ ബലി ചെയ്യാനുള്ള മൃഗത്തെ നബി(സ) തിരുമേനിയുടെ സമീപത്തേക്ക് കൊണ്ടുവരികയാണ്. നബി(സ)തിരുമേനി തന്റെ കൈകൊണ്ട് അതിനെ ബലിയാറുത്തു. പിന്നെ തലമുണ്ഡനം ചെയ്യാൻ വിളിക്കുകയും തലമുണ്ഡനം ചെയ്യുകയും ചെയ്തു. ഞാൻ കാണുന്നത് നബി(സ)തിരുമേനിയുടെ പരിശുദ്ധ രോമങ്ങൾ സുഹയ്ൽ തന്റെ കണ്ണിനോട് ചേർത്ത് പിടിക്കുന്നതാണ്. പറയുന്നു: ഞാൻ ആ സമയത്ത് ഓർത്തുപോയി, ഈ സുഹയ്ൽ തന്നെയാണല്ലോ ഹുദയ്ബിയ സന്ധിയുടെ അവസരത്തിൽ ഉടമ്പടി എഴുതിക്കൊണ്ടിരിക്കുമ്പോൾ നബി(സ)തിരുമേനിയെ ബിസ്മില്ലാഹ് എഴുതുന്നതിൽനിന്ന് തടഞ്ഞിരുന്നത്.

ഹദ്റത്ത് അബൂബക്ർ പറയുന്നു: ഞാൻ അല്ലാഹുവിനെ സ്തുതിച്ചു. അവൻ സുഹയ്ലിന് ഇസ്ലാമിലേക്ക് സന്മാർഗം നൽകിയിരിക്കുന്നു.*(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 64, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993).* പിന്നീട് ഹിദായത്ത് നൽകിയപ്പോൾ പിന്നെ ആത്മാർഥതയിലും കൂറിലും വളരെയേറെ മുന്നേറുകയും ചെയ്തു.

നബി(സ)തിരുമേനിയുടെ അവസാന രോഗാവസ്ഥയിൽ ഹദ്റത്ത് അബൂബക്ർ(റ) നമസ്കാരങ്ങൾക്ക് നേതൃത്വം നൽകിയതിനെ സംബന്ധിച്ച് പറയുന്നു: 'ഹദ്റത്ത് ആഇശാ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി രോഗാവസ്ഥയിൽ പറഞ്ഞു, 'അബൂബക്റിനോട് നമസ്കരിപ്പിക്കാൻ വേണ്ടി പറയുക.' ഹദ്റത്ത് ആഇശാ(റ)പറയുന്നു: ഞാൻ പറഞ്ഞു, ഹദ്റത്ത് അബുബക്ർ അങ്ങയുടെ സ്ഥാനത്തു നിൽക്കുമ്പോൾ കരച്ചിൽ കാരണം ജനങ്ങൾക്കൊന്നും കേൾക്കാൻ കഴിയുകയില്ല. അതുകൊണ്ട് അങ്ങ് ഹദ്റത്ത് ഉമറിനോട് നമസ്കരിപ്പിക്കാൻ പറഞ്ഞാലും.' ഹദ്റത്ത് ആഇശാ(റ) പറയുകയാണ്, ഹദ്റത്ത് അബൂബക്ർ നബി(സ)തിരുമേനിയുടെ സ്ഥാനത്ത് നിന്നാൽ കരച്ചിൽ കാരണം ജനങ്ങൾക്കൊന്നും കേൾക്കാൻ കഴിയുകയില്ലെന്നും അതുകൊണ്ടു നബി(സ)തിരുമേനിയോടു ഹദ്റത്ത് ഉമറിനെക്കൊണ്ടു നമസ്കരിപ്പിക്കാൻ പറയാൻ, ഞാൻ ഹദ്റത്ത് ഹഫ്സയോടും പറഞ്ഞു. ഹദ്റത്ത് ഹഫ്സ(റ) അതേ പോലെ തന്നെ ചെയ്തു. പക്ഷേ, നബി(സ)തിരുമേനി ദേഷ്യത്തോടെപറഞ്ഞു, മിണ്ടാതിരിക്കുക. നിങ്ങളെല്ലാം യൂസുഫിന്റെ കാലത്തേ സ്ത്രീകളാണ്. അബൂബക്റിനോട് പറയുക, അദ്ദേഹംതന്നെ നമസ്കരിപ്പിക്കട്ടെ.' *(സ്വഹീഹ് ബുഖാരി, കിതാബുൽ അദാൻ, ഹദീഥ് 679)*

വഫാത്തിനുമുമ്പേ അതായത് നബി(സ) തിരുമേനി രോഗിയായിരുന്നപ്പോൾ ഹദ്റത്ത് അബൂബക്റിന്റെ അഭാവത്തിൽ ഹദ്റത്ത് ബിലാൽ, ഹദ്റത്ത് ഉമറിനോട് നമസ്കരിപ്പിക്കാൻ പറഞ്ഞു. നബി(സ)തിരുമേനിയുടെ ചെവിയിൽ ഹദ്റത്ത് ഉമറിന്റെ ശബ്ദം എത്തിയപ്പോൾ അവിടന്ന് പറഞ്ഞു: 'അബൂബക്ർ എവിടെ? അല്ലാഹുവും മുസ്ലിമീങ്ങളും അബുബക്റല്ലാതെ മറ്റാരെങ്കിലും നമസ്കരിപ്പിക്കുന്നത് ഇഷ്ടപ്പെടുന്നതല്ല.' പിന്നെ ഹദ്റത്ത് അബൂബക്റിനെ വിളിപ്പിച്ചു. അദ്ദേഹം എത്തുമ്പോഴേക്കും ഹദ്റത്ത് ഉമർ നമസ്കരിപ്പിച്ചു കഴിഞ്ഞിരുന്നു. അതിനുശേഷം


**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

*(മൽഫൂദാത്ത് വാല്യം 1, പേജ് 64)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാല്യം 1, പേജ് 220)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

നബി(സ)തിരുമേനി തന്റെ രോഗാവസ്ഥയിലും വഫാത്തുവരെയും ഹദ്റത്ത് അബൂബക്ർ തന്നെയാണ് നമസ്കരിപ്പിച്ചിരുന്നത്.

ഹദ്റത്ത് ആഇശാ(റ)വിവരിക്കുന്നു: നബി(സ) തിരുമേനി തന്റെ രോഗാവസ്ഥയിൽ ഹദ്റത്ത് അബൂബക്റിനോട് നമസ്കരിപ്പിക്കാൻ പറഞ്ഞു. കാരണം അദ്ദേഹം അവർക്ക് നമസ്കരിപ്പിച്ചിരുന്നതാണ്. ഉർവ പറയുന്നു: നബി(സ) തിരുമേനി തന്റെ രോഗാവസ്ഥയിൽ കുറച്ചു ശമനം തോന്നിയപ്പോൾ പുറത്തേക്ക് വരുകയും മസ്ജിദിൽ വരുകയും ചെയ്തു. അപ്പോൾ കാണുന്നത് ഹദ്റത്ത് അബൂബക്ർ(റ) മുന്നിൽ നിന്ന് ജനങ്ങൾക്ക് നമസ്കരിപ്പിക്കുന്നതാണ്. അബൂബക്ർ, നബി(സ)തിരുമേനിയെ കണ്ടപ്പോൾ പിന്നിലേക്കു മാറി. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തോട് തൽസ്ഥാനത്തുതന്നെ നിൽക്കാൻ ആഗ്യം കാണിച്ചു. നബി(സ)തിരുമേനി, അബൂബക്റിന്റെ അടുത്ത് ഒരു വശത്തിരിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയുടെ നമസ്കാരം നമസ്കരിച്ചു. ജനങ്ങൾ ഹദ്റത്ത് അബൂബക്ർ(റ)നേയും തുടർന്ന് നമസ്കരിച്ചുകൊണ്ടിരുന്നു.*(സ്വഹീഹുൽ ബുഖാരി, കിതാബുൽഅദാൻ, ഹദീഥ് 683)*

ഇത് ബുഖാരിയിലെ നിവേദനമാണ്. സ്വഹീഹ് ബുഖാരിയിൽത്തന്നെ മറ്റൊരു നിവേദനവുമുണ്ട്. ഹദ്റത്ത് അനസ് ബിൻ മാലിക് അൻസ്വാരി നിവേദനം. നബി(സ)തിരുമേനി പരലോകപ്രാപ്തനായ രോഗത്തിൽ ഹദ്റത്ത് അബൂബക്റാണ് ജനങ്ങൾക്ക് ഇമാമായി നമസ്കരിച്ചത്. അങ്ങനെ തിങ്കളാഴ്ച ദിവസം വന്നു. ആളുകൾ നമസ്കരിക്കാൻ അണിനിരന്നു നില്ക്കുകയാണ്. അന്നേരം നബി(സ)തിരുമേനി തന്റെ മുറിയിൽനിന്നു കൊണ്ട് വിരി നീക്കി ഞങ്ങളുടെ നേരെ നോക്കി. അപ്പോൾ നബി(സ)തിരുമേനിയുടെ മുഖകമലം മുസഹ്ഫിന്റെ ഒരു പേജു പോലെയുണ്ട്.

നബി(സ)തിരുമേനി ആദ്യം പുഞ്ചിരിച്ചു. പിന്നീട് ചിരിച്ചു. അവസാനം നബി(സ)തിരുമേനിയെ കണ്ടതുമൂലമുള്ള സന്തോഷത്താൽ ഞങ്ങളുടെ നമസ്കാരംതന്നെ താറുമാറായിപ്പോകുമോ എന്ന് ഞങ്ങൾ ശങ്കിച്ചു. ഉടനെ നബി(സ)തിരുമേനി നമസ്കരിക്കുവാൻവേണ്ടി മസ്ജിദിലേക്കുവരാൻ ഒരുങ്ങിയിരിക്കുകയാണെന്ന് ധരിച്ചിട്ട് അബൂബക്ർ പിന്നോട്ടു മാറി. അന്നേരം നിങ്ങൾ നമസ്കാരം പൂർത്തിയാക്കിക്കൊള്ളുകയെന്ന് ആംഗ്യം കാണിച്ചുകൊണ്ട് നബി(സ)തിരുമേനി വിരി താഴ്ത്തിയിട്ടു. ആ ദിവസം തന്നെയാണ് നബി(സ)തിരുമേനി പരലോകം പ്രാപിച്ചത്.*(സ്വഹീഹുൽ ബുഖാരി, കിതാബുൽഅദാൻ, ഹദീഥ് 680)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആദ്യത്തെ നിവേദനമനുസരിച്ച് ഒരു സ്ഥലത്ത് വിവരിക്കുന്നു: 'ഹദ്റത്ത് ആഇശാ(റ) പറയുന്നു. നബി(സ)തിരുമേനി മരണാസന്നനായപ്പോൾ ശക്തമായ ക്ഷീണം കാരണം നമസ്കരിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് അവിടന്ന് ഹദ്റത്ത് അബൂബക്റിനോട് നമസ്കരിപ്പിക്കാൻ കല്പിച്ചു. ഹദ്റത്ത് അബൂബക്ർ നമസ്കരിക്കാൻ തുടങ്ങിയപ്പോൾ നബി(സ)തിരുമേനിക്ക് കുറച്ചു ആശ്വാസമുണ്ടാകുകയും നമസ്കരിക്കാൻ വേണ്ടി പുറപ്പെടുകയു ചെയ്തു. ഹദ്റത്ത് ആഇശാ(റ) പറയുന്നു: ഹദ്റത്ത് അബൂബക്റിനോട് നമസ്കരിപ്പിക്കാൻ വേണ്ടി കല്പിച്ചതിനു ശേഷം നമസ്കാരം തുടങ്ങിയപ്പോൾ നബി(സ)തിരുമേനിക്ക് രോഗത്തിൽ അല്പം ശമനം അനുഭവപ്പെടുകയുണ്ടായി. അങ്ങനെ നബി(സ)തിരുമേനി പുറപ്പെട്ടു. രണ്ടു പേർ നബി(സ)തിരുമേനിയെ താങ്ങുന്നുണ്ടായിരുന്നു. പറയുന്നു: എന്റെ കണ്ണുകൾക്ക് മുന്നിൽ ഇപ്പോഴും ആ ദൃശ്യങ്ങളുണ്ട്. ശക്തമായ വേദന കാരണം നബി(സ)തിരുമേനിയുടെ പാദങ്ങൾ നിലത്ത് ഇഴയുന്നുണ്ടായിരുന്നു. നബി(സ)തിരുമേനിയെ കണ്ടപ്പോൾ അബൂബക്ർ പിന്നിലേക്ക് മാറാൻ ആഗ്രഹിച്ചു. ആ ഉദ്ദേശ്യം മനസ്സിലാക്കിയപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്റിനോട് തന്റെ സ്ഥാനത്തുതന്നെ നിൽക്കാൻ ആംഗ്യം കാണിച്ചു. പിന്നീട് നബി(സ)തിരുമേനിയെ അവിടംവരെ എത്തിച്ചു. നബി(സ) തിരുമേനി, അബൂബക്റിന്റെ അരികിൽ ഇരുന്നു. അതിനുശേഷം നബി, നമസ്കാരം ആരംഭിച്ചു. ഹദ്റത്ത് അബൂബക്ർ നബി(സ) തിരുമേനി യുടെ നമസ്കാരം അനുസരിച്ച് നമസ്കാരം തുടങ്ങുകയും മറ്റുള്ള ആളുകൾ ഹദ്റത്ത് അബൂബക്റിന്റെ നമസ്കാരത്തെ പിന്തുടരുകയും ചെയ്തു. *(സീറത്തുന്നബി, അൻവാറുൽഉലൂം, വാള്യം 1, പേജ് 506-507)*

നബി(സ)തിരുമേനി വഫാത്തായി. ഹദ്റത്ത് അബൂബക്ർ ആ നേരത്ത് സുൻഹിൽ ആയിരുന്നു. അതായത് 'സുൻഹ്' നാട്ടിൻ പുറത്തുള്ള ഒരു ഗ്രാമമാണ്. വാർത്തയറിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ(റ) എഴുന്നേറ്റു. നബി(സ) തിരുമേനിയുടെ മരണ വിവരം അറിഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്ർ അവിടെ ഉണ്ടായിരുന്നില്ല. ഹദ്റത്ത് ഉമർ(റ) ഉണ്ടായിരുന്നു. അദ്ദേഹം എഴുന്നേറ്റ് വിളംബരപ്പെടുത്തി: അല്ലാഹുവാണെ! നബി(സ) തിരുമേനി വഫാത്തായിട്ടില്ല. ഹദ്റത്ത് ആഇശാ(റ) പറയുന്നു: ഹദ്റത്ത് ഉമർ പറയാറുണ്ടായിരുന്നു, അല്ലാഹുവാണെ! എന്റെ മനസ്സിൽ വന്നുകൊണ്ടിരുന്നതും അല്ലാഹു നബി(സ) തിരുമേനിയെ തീർച്ചയായും ഉയർത്തുമെന്നാണ്. അങ്ങനെ ചിലയാളുകളുടെ കൈകാലുകൾ മുറിക്കാൻ ഇടവരുന്നതാണ്. ഇത്രയുമായപ്പോഴേക്കും ഹദ്റത്ത് അബൂബക്ർ(റ) വന്നു. നബി(സ)തിരുമേനിയെ ഒരു തരം യമനീ വസ്ത്രംകൊണ്ട് പുതച്ചിരുന്നു. നബി(സ)തിരുമേനിയുടെ മുഖത്തുനിന്ന് ഹദ്റത്ത് അബൂബക്ർ(റ) വസ്ത്രം നീക്കിയശേഷം മുത്തിക്കൊണ്ട് അവിടത്തെ ശരീരത്തിൽ മുഖംകുത്തിവീണു. അനന്തരം കരഞ്ഞുകൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് പ്രായശ്ചിത്തമാണ്. അല്ലാഹു താങ്കൾക്ക് രണ്ടു മരണത്തെ(വേദനയെ) ഒരുമിച്ചു കൂട്ടുകയില്ല. എന്നാൽ, അങ്ങയ്ക്ക് നിശ്ചയിക്കപ്പെട്ട മരണത്തെ അങ്ങ് വരിച്ചിരിക്കുന്നു. ഇത്രയും പറഞ്ഞ് ഹദ്റത്ത് അബൂബക്ർ പുറത്തേക്ക് വന്നു. എന്നിട്ട് പറഞ്ഞു: അല്ലയോ ശപഥം ചെയ്യുന്ന മനുഷ്യാ! അൽപം ക്ഷമിക്കുക. അതായത് ഹദ്റത്ത് ഉമറിനോട് പറഞ്ഞു, ക്ഷമിക്കൂ! ഹദ്റത്ത് അബൂബക്ർ സംസാരിക്കാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് ഉമർ(റ) ഇരുന്നു. ഹദ്റത്ത് അബൂബക്ർ(റ) അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തതിനുശേഷം പറഞ്ഞു: **മൻകാന യഅ്ബുദു മുഹമ്മദൻ സല്ലല്ലാഹു അലയ്ഹിവസല്ലമ ഫഇന്ന മുഹമ്മദൻ ഖദ് മാത്ത വമൻകാന യഅ്ബുദുല്ലാഹ ഫഇന്നല്ലാഹ ഹയ്യുൻ ലാ യമൂത്തു.** നിങ്ങളിൽ വല്ലവനും മുഹമ്മദിനെ ആരാധിച്ചിരുന്നുവെങ്കിൽ നിശ്ചയം മുഹമ്മദ് മരണപ്പെട്ടിരിക്കുന്നു. വല്ലവനും അല്ലാഹുവിനെ ആരാധിച്ചിരുന്നുവെങ്കിൽ നിശ്ചയം അല്ലാഹു ജീവിച്ചിരിപ്പുണ്ട്. അവൻ മരിക്കുകയില്ല. ഹദ്റത്ത് അബൂബക്ർ ഈ ആയത്ത് ഓതി: **ഇന്നക്ക മയ്യിത്തുൻ വ്വ ഇന്നഹും മയ്യിത്തൂൻ** തീർച്ചയായും നീ മരിക്കുന്നവനാണ്. അവരും മരിക്കുന്നവർതന്നെ(39:31). പിന്നീട് അദ്ദേഹം ഈ ആയത്ത് ഓതി: **വമാ മുഹമ്മദിൻ ഇല്ലാ റസൂൽ ഖദ് ഖലത്ത് മിൻ ഖബ്‌ലിഹിർറുസുൽ അഫഇൻമ്മാത്ത ഔ ഖുത്തിലൻഖലബ്ത്തും അലാ അഅ്ഖാബിക്കും വമൻ യ്യൻഖലിബ് അലാ അഖിബയ്ഹി ഫലൻയ്യളുർറല്ലാഹ ശയ്അൻ വസയജ്സില്ലാഹുശ്ശാക്കിരീൻ**(3:145)

മുഹമ്മദ് ഒരു റസൂൽ മാത്രമാണ്. അദ്ദേഹത്തിനു മുമ്പേയുണ്ടായിരുന്ന എല്ലാ റസൂൽമാരും കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോകുകയോ? ഏതൊരാൾ തന്റെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോകുമോ അയാൾ അല്ലാഹുവിന് ഒരിക്കലും ഒരുദോഷവും വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നല്കുന്നതാണ്. നിവേദകൻ പറയുന്നു. ഇത് കേട്ടപ്പോൾ ജനങ്ങൾ ഏങ്ങലടിച്ചു കരയാൻ തുടങ്ങി.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു: അല്ലാഹുവാണെ! ഹദ്റത്ത് അബൂബക്ർ ഓതിയ ആയത്ത് അല്ലാഹു ഇറക്കിയതു തന്നെയാണോ എന്ന് ആ സമയംവരെയും ജനങ്ങൾക്ക് അറിയുമായിരുന്നില്ല. അതായത് ജനങ്ങൾ അദ്ദേഹത്തിൽനിന്നാണ് ഈ ആയത്ത് പഠിക്കുന്നത്. പിന്നെ ജനങ്ങളിൽ ആരെ കാണുമ്പോഴും അവർ ഈ ആയത്ത് ഓതുമായിരുന്നു. നിവേദകൻ പറയുന്നു: സയീദ് ബിൻ മുസയ്യിബ് എന്നോട് പറഞ്ഞു: ഹദ്റത്ത് ഉമർ പറയുന്നു, അല്ലാഹുവാണെ! ഹദ്റത്ത് അബൂബക്ർ ഈ ആയത്ത് ഓതുന്നത് കേട്ടപ്പോൾ ഞാൻ എത്രമാത്രം പരിഭ്രമിച്ചുവെന്നാൽ അസ്വസ്ഥത കാരണം എന്റെ കാലുകൾ ഉറക്കുന്നുണ്ടായിരുന്നില്ല. ഞാൻ നിലത്തുവീണുപോയി. ഹദ്റത്ത് അബൂബക്ർ ഈ ആയത്ത് കേൾപ്പിച്ചപ്പോഴാണ് നബി(സ)തിരുമേനി വഫാത്തായി എന്ന് ഞാൻ തിരിച്ചറിഞ്ഞത്! *(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ഹദീഥ് 4454)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)വിവരിക്കുന്നു:ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഉമറിന്റെ അടുത്തുകൂടി പോകുമ്പോൾ ഹദ്റത്ത് ഉമർ ഇങ്ങനെ പറയുകയായിരുന്നു: 'നബി(സ) തിരുമേനി വഫാത്തായിട്ടില്ല. അല്ലാഹു മുനാഫിഖീങ്ങളെ കൊന്നൊടുക്കുന്നതുവരെ വഫാത്താകുന്നതുമല്ല.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ പറയുന്നു: 'അവർ അതായത് സ്വഹാബാക്കൾ ഇതുകേട്ടപ്പോൾ സന്തോഷം പ്രകടിപ്പിക്കുകയായിരുന്നു. തങ്ങളുടെ തല ഉയർത്തുകയായിരുന്നു. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'അല്ലയോ മനുഷ്യാ! തീർച്ചയായും നബി(സ)തിരുമേനി വഫാത്തായിരിക്കുന്നു.' ഹദ്റത്ത് ഉമറിനെ സംബോധന ചെയ്തുകൊണ്ട് 'തീർച്ചയാ

ശേഷം പേജ് 12ൽ

പേജ് 5 ൽ നിന്ന്

വും അതിന്റെ കുട്ടിക്ക് രണ്ടു രൂപ കൂടുതലും! നീ ഈ ചൊല്ല് പൂർത്തിയാക്കിയിട്ടില്ല.' എനിക്ക് പഞ്ചാബി നല്ല വശമില്ലായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: 'എനിക്ക് അതിന്റെ അർഥം മനസ്സിലായില്ല. അതുകൊണ്ട് എന്റെ മുഖത്ത് അത്ഭുതം കണ്ടപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ പറഞ്ഞു: 'ഒരുപക്ഷേ, നിനക്കിതിന്റെ അർഥം മനസ്സിലായിട്ടുണ്ടാവില്ല.' എന്നിട്ട് പറഞ്ഞു: 'ഞങ്ങളുടെ നാട്ടിൽ പൊതുവെ പറഞ്ഞുവരുന്ന ചൊല്ലാണിത്. ഒരാൾ ഒട്ടകത്തെ വിൽക്കുകയായിരുന്നു. അതോടൊപ്പം അതിന്റെ കുട്ടിയുമുണ്ടായിരുന്നു. അതിനെ ഞങ്ങളുടെ നാട്ടിൽ 'ടോഡ' എന്നാണ് പറയാറുള്ളത്. ആരോ ഒരാൾ വില ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു: 'ഒട്ടകത്തിന്റെ വില നാൽപതു രൂപയാണ്; 'ടോഡ'ക്ക് നാല്പത്തിരണ്ടും.' ആഗതൻ ചോദിച്ചു: 'ഇതെന്താണിങ്ങനെ?' അപ്പോൾ അയാൾ പറഞ്ഞു: 'ടോഡ' ഒട്ടകവുമാണ്, കുട്ടിയുമാണ്.' അതുപോലെ നിന്റെ മുമ്പിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബറാഹീനെ അഹ്മദിയ്യാ ഉണ്ടായിരുന്നു. എന്നാൽ, ഈ ഗ്രന്ഥം എഴുതുന്ന സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുമ്പിൽ ഇത്തരത്തിലുള്ള ഒരു ഇസ്ലാമിക രചനയുമുണ്ടായിരുന്നില്ല. പക്ഷേ, നിന്റെ മുമ്പിൽ ഇതുണ്ടായിരുന്നു. നീ ഇതിനെക്കാൾ വലുത് എന്തെങ്കിലും കൊണ്ടുവരുമെന്നും ഇതിൽനിന്നു പ്രയോജനം എടുക്കുമെന്നും ഞാൻ പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ദൈവ നിയോഗിതരേക്കാളും വലുത് മറ്റുള്ളവർ എന്തറിവ് കൊണ്ടുവരാനാണ്? അതായിരുന്നില്ല പ്രശ്നം. അതിലെ മറഞ്ഞിരിക്കുന്ന ഖജനാവുകളെ പുറത്തെടുക്കുക എന്നല്ലാതെ എന്ത് ചെയ്യാൻ കഴിയും? ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഉദ്ദേശ്യം എന്തായിരുന്നുവെന്നാൽ വരും തലമുറകൾ കഴിഞ്ഞ കാല അടിത്തറകളെ കെട്ടിപ്പൊക്കേണ്ടതുണ്ട്.

ഖലീഫ അവ്വൽ അദ്ദേഹത്തിന്റെ ആരോഗ്യ സ്ഥിതിയെ കുറിച്ചും വിജ്ഞാനത്തെ കുറിച്ചും അറിയുന്ന ആളായിരുന്നു. എന്നിട്ടും ഇത്രയും വലിയ ചിന്താഗതിയാണ് അദ്ദേഹത്തെ പറ്റി ഉണ്ടായിരുന്നത്; ഈ കുട്ടിയിൽ അതിനുള്ള കഴിവുണ്ടെന്നും ഈ കുട്ടിക്ക് ഉന്നതമായ ലേഖനങ്ങൾ എഴുതാൻ കഴിയുമെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. ഏതായിരുന്നാലും മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഈ കാര്യം വരുംതലമുറകൾ ഓർത്തുവെക്കുകയാണെങ്കിൽ സ്വയം അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതോടൊപ്പം സമൂഹത്തിന് അനുഗ്രഹത്തിന് കാരണമായിത്തീരുന്നതുമാണ്. എന്നാൽ, പൂർവികരെക്കാളും മുന്നേറാനുള്ള പരിശ്രമം നല്ല കാര്യങ്ങളിലാണ് വേണ്ടത്. അല്ലാതെ കള്ളന്റെ മകൻ വലിയ കള്ളൻ ആയിതീരാനല്ല പരിശ്രമിക്കേണ്ടത്. മറിച്ച് ഇത് കൊണ്ടുള്ള വിവക്ഷിതം 'നമസ്കാരക്കാരനായ വ്യക്തിയുടെ മക്കൾ പിതാവിനേക്കാളും നമസ്കാരക്കാരായി തീരാൻ ശ്രമിക്കണം' എന്നാണ്. *(ഖുത്ബാത്തെ മഹ്മൂദ് വാല്യം 3, പേജ് 484-485)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ചെറുപ്പകാലത്തുണ്ടായിരുന്ന ആരോഗ്യ സ്ഥിതിയെ കുറിച്ചുള്ള ഒരു സംഭവം നേരത്തെ വിവരിച്ചു കഴിഞ്ഞതാണ്. അദ്ദേഹത്തിന്റെ ആരോഗ്യത്തെ കുറിച്ചുള്ള മറ്റൊരു സംഭവമാണ് പറയുന്നത്. വാസ്തവത്തിൽ ഇതും ഖലീഫ അവ്വലിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)നും അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹ വാത്സല്യങ്ങളുടെ സംഭവമാണ്. അതോടൊപ്പം ഈ കുട്ടി മുസ്‌ലിഹ് മൗഊദ് ആകുമെന്നും അദ്ദേഹത്തിന് ഉറച്ച വിശ്വാസമുണ്ടായിരുന്നുവെന്ന് തെളിയിക്കുകയും ചെയ്യുന്നു.

ഏതായിരുന്നാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവത്തെ കുറിച്ച് പറയുന്നു: എന്റെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ എനിക്കുമേൽ ഏറ്റവും വലിയ ഔദാര്യം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ന്റേതാണ്. അദ്ദേഹം വൈദ്യനുമായിരുന്നു. പുസ്തകങ്ങൾ അധികനേരം നോക്കിക്കൊണ്ടിരിക്കാൻ എന്റെ ആരോഗ്യത്തിന് അസഹ്യമാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ രീതി എന്തായിരുന്നുവെന്നാൽ എന്നെ കൂടെ ഇരുത്തുകയും 'മകനേ! ഞാൻ വായിച്ചുകൊണ്ടിരിക്കാം നീ കേട്ട് കൊണ്ടിരിക്കുക' എന്ന് പറയുകയും ചെയ്തിരുന്നു. പിന്നീട് അദ്ദേഹം തന്റെ ആരോഗ്യസ്ഥിതി വിവരിച്ചുകൊണ്ട് പറയുന്നു: 'ഇതിന് കാരണം കുട്ടിക്കാലത്ത് എന്റെ കണ്ണുകളിൽ കണ്ണുദീനമുണ്ടായിരുന്നു. നേരത്തെയും കണ്ണുകളെ സംബന്ധിച്ച് പരാമർശിച്ചതാണ്. തുടർച്ചയായി മൂന്നുനാലു മാസംവരെ എന്റെ കണ്ണുകളിൽ അസുഖമുണ്ടായിരുന്നു. കണ്ണുദീനം കാരണം ഒരുപാട് പ്രയാസമുണ്ടായി. ഈ കുട്ടിയുടെ കാഴ്ച നഷ്ടപ്പെടുന്നതാണെന്ന് ഡോക്ടർമാർ പറയുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്റെ ആരോഗ്യത്തിനുവേണ്ടി പ്രത്യേകമായും ദുആ ചെയ്യാൻ തുടങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ) എനിക്കുവേണ്ടി നോമ്പും എടുത്ത് തുടങ്ങി.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'അദ്ദേഹം എത്ര നോമ്പാണെടുത്തുന്നതെന്ന് എനിക്കിപ്പോൾ ഓർമയില്ല. ഏതായിരുന്നാലും മൂന്നോ ഏഴോ നോമ്പ് അദ്ദേഹം എടുത്തിരുന്നു. അങ്ങനെ അവസാന നോമ്പ് തുറക്കുമ്പോൾ നോമ്പുതുറക്കാൻ എന്തോ വായിലിട്ടപ്പോൾ പെട്ടെന്ന് ഞാൻ കണ്ണ് തുറക്കുകയും എനിക്കെല്ലാം കാണാൻ കഴിയുന്നുവെന്ന് വിളിച്ചു പറയുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നോമ്പു തുറക്കാൻ തുടങ്ങിയപ്പോൾ മുസ്‌ലിഹ് മൗഊദ് പറയുന്നു, ഞാൻ കണ്ണുകൾ തുറന്നുകൊണ്ട് 'ഞാൻ കാണാൻ തുടങ്ങിയിരിക്കുന്നു' എന്നു പറഞ്ഞു. പക്ഷേ, ഈ രോഗത്തിന്റെ കാഠിന്യവും അതിന്റെ തുടർച്ചയായ ആഘാതവും കാരണം എന്റെ ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു.' അദ്ദേഹം അതെ കുറിച്ച് വിശദീകരിക്കുന്നു: 'എന്റെ ഇടതു കണ്ണിന് കാഴ്ചയില്ല. വഴി കാണാൻ എനിക്ക് കഴിയുമെങ്കിലും പുസ്തകങ്ങൾ വായിക്കാൻ കഴിയില്ലായിരുന്നു. എന്റെ മൂന്നുനാലടി അപ്പുറത്തിരിക്കുന്ന വ്യക്തി എന്റെ പരിചയക്കാരനാണെങ്കിൽ അയാളെ കണ്ടാൽ എനിക്ക് തിരിച്ചറിയാൻ കഴിയും. എന്നാൽ, പരിചയമില്ലാത്ത ആളാണെങ്കിൽ അയാളുടെ രൂപംപോലും മനസ്സിലാവുകയില്ല. വലതുകണ്ണ് മാത്രമേ പ്രവർത്തനക്ഷമമായിരുന്നുള്ളൂ. പക്ഷേ, അതിനും രോഗമുണ്ട്. അതെത്രത്തോളം ശക്തമാണെന്നാൽ രാത്രികളോളം ഉണർന്നുതന്നെ കഴിയേണ്ടി വന്നിട്ടുണ്ട്.' ഇതായിരുന്നു അദ്ദേഹത്തിന്റെ ആരോഗ്യ സ്ഥിതി. ഇനി അദ്ദേഹത്തിന്റെ വൈജ്ഞാനിക പ്രവൃത്തികൾ നോക്കുക. എങ്ങനെയാണ് അല്ലാഹുവിന്റെ സഹായം അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നത്.

അദ്ദേഹം പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്റെ അധ്യാപകരോട് പറഞ്ഞു: ഇവന്റെ പഠനം ഇവന്റെ സൗകര്യമനുസരിച്ചായിരിക്കണം. ഇവൻ പഠിക്കാനാഗ്രഹിക്കുന്നത്ര പഠിക്കട്ടെ. പഠിക്കുന്നില്ലെങ്കിൽ, സമ്മർദം ചെലുത്തേണ്ട. കാരണം അവന്റെ ആരോഗ്യം പഠനഭാരം സഹിക്കാൻ കെൽപുള്ളതല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് പലപ്രാവശ്യവും പറയുമായിരുന്നു, 'നീ ഖുർആനിന്റെ തർജമയും ബുഖാരിയും ഹദ്റത്ത് മൗലവി സാഹിബിൽനിന്ന് പഠിക്കുക.' അതായത് ഹദ്റത്ത് ഖലീഫ അവ്വലിൽനിന്ന്. അതുകൂടാതെ നമ്മുടെ കുടുംബപരമായ വിദ്യയായതുകൊണ്ട് കുറച്ച് വൈദ്യം പഠിക്കണമെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരുന്നു.

അദ്ദേഹം പറയുന്നു: 'എന്റെ വിദ്യാഭ്യാസം ഇങ്ങനെയൊക്കെയായിരുന്നു. വാസ്തവത്തിൽ നിർബന്ധിതാവസ്ഥയുമുണ്ടായിരുന്നു. ചെറുപ്പത്തിൽ കണ്ണുകൾക്കുള്ള ബുദ്ധിമുട്ടിനു പുറമെ എനിക്ക് ഹൃദ്രോഗവുമുണ്ടായിരുന്നു. ഒരുപാടു രോഗങ്ങളുണ്ടായിരുന്നു. ആറാറു മാസത്തോളം ചെറുപയർ പരിപ്പിന്റെ വെള്ളമോ ഇലക്കറികളുടെ വെള്ളമോ ആണ് എനിക്ക് തന്നിരുന്നത്. അതോടൊപ്പം എനിക്ക് പ്ലീഹക്കും അസുഖമുണ്ടായിരുന്നു. റെഡ് അയോഡൈഡ് ഓഫ് മെർക്കുറി കൊണ്ട് ഈ സ്ഥലത്ത് തടവുമായിരുന്നു. അതുപോലെതന്നെ കഴുത്തിനും അതുകൊണ്ട് തിരുമുമായിരുന്നു. കാരണം എനിക്ക് തൈറോയ്ഡിന്റെയും അസുഖമുണ്ടായിരുന്നു. ചുരുക്കത്തിൽ കണ്ണുദീനവും ഹൃദ്രോഗവും പ്ലീഹയുടെ അസുഖവും പിന്നെ അതോടൊപ്പം പനിയും തുടങ്ങിയിരുന്നു. ആറു മാസത്തോളം പനി മാറിയിരുന്നില്ല. എന്റെ പഠനത്തെ സംബന്ധിച്ച് മുതിർന്നവരെടുത്ത തീരുമാനം പഠിക്കാൻ കഴിയുന്നത്ര പഠിക്കട്ടെ കൂടുതൽ സമ്മർദം ചെലുത്തി പഠിപ്പിക്കണ്ട എന്നായിരുന്നു. ഇത്തരം അവസ്ഥയിൽ എന്റെ വിദ്യാഭ്യാസ യോഗ്യത എന്തായിരിക്കുമെന്ന് ആർക്കു ഊഹിക്കാവുന്നതേയുള്ളൂ.

ഞങ്ങളുടെ മാതാമഹൻ ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ്(റ) എനിക്ക് ഉർദു പരീക്ഷ നടത്തി. പറയുന്നു: ഇപ്പോഴും എന്റെ കൈയക്ഷരം മോശമാണ്;നല്ലതല്ല. എന്നാൽ, അക്കാലത്ത് എത്രത്തോളം മോശമായിരുന്നുവെന്നാൽ ഞാനെന്താണ് എഴുതിയിരുന്നതെന്ന് ആർക്കും വായിക്കാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹം ഞാനെന്താണ് എഴുതിയതെന്ന് മനസ്സിലാക്കാൻ പരിശ്രമിച്ചു. എന്നാൽ, അദ്ദേഹത്തിന് മനസ്സിലായില്ല. മീർ സാഹിബിന്റെ സ്വഭാവം വളരെ കർക്കശമായിരുന്നു. അദ്ദേഹം എന്നോടു ദേഷ്യപ്പെട്ട ഉടൻതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തെത്തി. ആ സമയത്ത് ഞാനും വീട്ടിലുണ്ടായിരുന്നു. ഞങ്ങൾക്ക് നേരത്തെതന്നെ അദ്ദേഹത്തിന്റെ സ്വഭാവ

ത്തെ കുറിച്ച് പേടിയായിരുന്നു. മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: മാതാമഹൻ മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ പരാതിയുമായി പോയിരിക്കുകയാണ്. ഇനി എന്താകുമെന്ന് കരുതി ഞാൻ കൂടുതൽ ഭയപ്പെട്ടു. ഏതായാലും മീർ സാഹിബ് വന്ന് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു: മഹ്മൂദിന്റെ പഠനത്തെ കുറിച്ച് താങ്കൾക്ക് അല്പംപോലും ശ്രദ്ധയില്ല. ഞാൻ അവന്റെ ഉർദു പരീക്ഷ നടത്തി, ഈ കടലാസ് താങ്കളും ഒന്ന് നോക്കൂ. വളരെ മോശം കൈയക്ഷരമാണ്. ആർക്കും ഈ എഴുത്ത് വായിക്കാൻ കഴിയുന്നില്ല. അതേ ആവേശത്തിൽത്തന്നെ അദ്ദേഹം ഇങ്ങനേയും പറഞ്ഞു: 'താങ്കൾക്ക് അല്പംപോലും ശ്രദ്ധയില്ല. കുട്ടിയുടെ ആയുസ്സ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.' മീർ സാഹിബിന്റെ ഈ ആവേശഭരിതമായ അവസ്ഥ കണ്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)മൗലവി സാഹിബിനെ വിളിക്കൂ എന്ന് പറഞ്ഞു. അദ്ദേഹത്തിന് എപ്പോൾ വിഷമമുണ്ടായാലും അദ്ദേഹം ഹദ്റത്ത് ഖലീഫ അവ്വലിനെ വിളിപ്പിക്കുമായിരുന്നു. ഹദ്റത്ത് ഖലീഫ അവ്വലിന് നേരത്തെതന്നെ എന്നോട് വലിയ സ്നേഹമായിരുന്നു. അദ്ദേഹം വരികയും പതിവു പോലെ തലതാഴ്ത്തി ഒരു ഭാഗത്ത് നിൽക്കുകയും, ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'മൗലവി സാഹിബേ! ഞാൻ താങ്കളെ വിളിച്ച കാര്യം എന്തെന്നാൽ മഹ്മൂദിന്റെ കൈയക്ഷരം വളരെ മോശമാണെന്ന് മീർ സാഹിബ് പറയുന്നു. അവന്റെ ഒരു പരീക്ഷ നടത്താൻ ഞാനാഗ്രഹിക്കുന്നു. ഇത് പറഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ)പേനയെടുത്ത് രണ്ടു മൂന്നു വരി വാചകമെഴുതി എനിക്ക് തന്നിട്ട് അത് പകർത്തിയെഴുതാൻ പറഞ്ഞു. ഈ പരീക്ഷയാണ് ഹദ്റത്ത് മസീഹ് മൗഊദ് നടത്തിയത്. ഞാൻ വളരെ ശ്രദ്ധയോടെ ആലോചിച്ച് അത് പകർത്തിയെഴുതി. ഒന്നാമത് ആ വാചകം വലുതൊന്നുമാ യിരുന്നില്ല. രണ്ടാമത് പകർത്തിയാൽ മതിയായിരുന്നു. പകർത്തുന്നത് കൂടുതൽ എളുപ്പമുള്ള കാര്യമാണ്. കാരണം യഥാർഥ സംഗതി മുന്നിലുണ്ടല്ലോ. പിന്നെ ഞാൻ സാവധാനം പകർത്തിയെഴുതി. അലിഫും ബാഉം ഒക്കെ ശ്രദ്ധാപൂർവം എഴുതി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതു കണ്ടപ്പോൾ പറഞ്ഞു: 'മീർ സാഹിബിന്റെ സംസാരം കേട്ടപ്പോൾ എനിക്ക് വലിയ ആകുലതയായിരുന്നു. പക്ഷേ, ഇവന്റെ കൈയക്ഷരം എന്റെ കൈയക്ഷരവുമായി സാദൃശ്യമുള്ളതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. ഹദ്റത്ത് ഖലീഫ അവ്വൽ നേരത്തെതന്നെ എന്റെ പക്ഷത്തായിരുന്നു; എന്നെ പിന്തുണയ്ക്കാൻ കടം വാങ്ങി ഇരിക്കുന്നതുപോലെ. അദ്ദേഹം പറഞ്ഞു: 'ഹുദൂർ! മീർ സാഹിബിന് വലിയൊരു ആവേശം വന്നതാണ്. ഇവന്റെ കൈയക്ഷരം വളരെ നല്ലതാണ്.' ഇതായിരുന്നു എന്റെ അവസ്ഥ. പറയുന്നു:ഇത്തരം അവസ്ഥയിൽ ഞാൻ ഭൗതികമായ എന്തറിവ് കരസ്ഥമാക്കാനാണ്?'

ഇനി തന്റെ വിദ്യാഭ്യാസ യോഗ്യതയെ പറ്റി മറ്റൊരു സന്ദർഭത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു: ഹദ്റത്ത് ഖലീഫ അവ്വൽ എന്നോട് പറയുമായിരുന്നു. 'മകനേ! നിന്റെ ആരോഗ്യം സ്വയം പഠിക്കാവുന്ന തരത്തിലുള്ളതല്ല. എന്റെ അടുത്ത് വന്നിരിക്കുക. ഞാൻ വായിച്ചുകൊണ്ടിരിക്കും നീ കേട്ട് കൊണ്ടിരിക്കുക. അങ്ങനെ അദ്ദേഹം നിർബന്ധിച്ച് ആദ്യം ഖുർആനും പിന്നെ ബുഖാരിയും പഠിപ്പിച്ചു. അദ്ദേഹം സാവധാനത്തിൽ എന്നെ ഖുർആൻ പഠിപ്പിച്ചതല്ല. മറിച്ച് അദ്ദേഹത്തിന്റെ രീതി അദ്ദേഹം വിശുദ്ധ ഖുർആൻ ഓതുകയും അതോടൊപ്പംതന്നെ അതിന്റെ തർജമയും ചെയതു കൊണ്ടിരിക്കുക എന്നതായിരുന്നു. എന്തെങ്കിലും കാര്യം ആവശ്യമാണെന്ന് കണ്ടാൽ മാത്രം പറഞ്ഞു തരുമായിരുന്നു. അല്ലെങ്കിൽ വേഗം വേഗം വായിച്ച് പോകുമായിരുന്നു. അദ്ദേഹം മൂന്നു മാസം കൊണ്ട് മുഴുവൻ ഖുർആനും എനിക്ക് പഠിപ്പിച്ചുതന്നു. അതിനുശേഷം കുറച്ച് ഇടവേള വന്നു തുടങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം അദ്ദേഹം എന്നോടു വീണ്ടും പറഞ്ഞു: 'മകനേ! എന്നിൽനിന്ന് ബുഖാരി മുഴുവൻ പഠിക്കുക.' പറയുന്നു: വാസ്തവത്തിൽ ഞാൻ അദ്ദേഹത്തോട് അതായത് ഖലീഫ അവ്വലിനോട് പറഞ്ഞിരുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് ഖുർആനും ബുഖാരിയും മൗലവി സാഹിബിൽനിന്ന് പഠിക്കാനാണ് പറഞ്ഞിരുന്നതെന്ന്! അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലത്തുതന്നെ ഞാൻ അദ്ദേഹത്തിൽ നിന്ന് ഖുർആനും ബുഖാരിയും പഠിച്ചു തുടങ്ങി. ഇടവേളകളുമുണ്ടായിരുന്നു. അതുപോലെ വൈദ്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശ പ്രകാരം ഞാൻ അദ്ദേഹത്തിൽ നിന്ന് പഠിക്കാൻ തുടങ്ങിയിരുന്നു.

അദ്ദേഹം പറയുന്നു: 'ഞാൻ അദ്ദേഹത്തിൽ നിന്നു വൈദ്യവും വിശുദ്ധ ഖുർആനിന്റെ തഫ്സീറും പഠിച്ചു. തഫ്സീർ അദ്ദേഹം രണ്ടു മാസംകൊണ്ട് പൂർത്തിയാക്കി തന്നു. അദ്ദേഹം എന്നെ അടുത്തിരുത്തി ചിലപ്പോൾ പകുതി അല്ലെങ്കിൽ മുഴുവൻ ജുസുഉം തർജമയോടെ വായിച്ച് കേൾപ്പിച്ചിരുന്നു. ചില ആയത്തിനൊക്കെ തഫ്സീറും ചെയ്തു തന്നിരുന്നു. അങ്ങനെ ബുഖാരിയും അദ്ദേഹം രണ്ടു മൂന്ന് മാസംകൊണ്ട് എനിക്ക് തീർത്തുതന്നു. ഒരിക്കൽ റമളാൻ മാസത്തിൽ അദ്ദേഹം മുഴുവൻ ഖുർആനിന്റെയും ദർസ് കൊടുത്തു. ഞാനും അതിൽ പങ്കെടുത്തിരുന്നു. ഏതാനും അറബി പ്രസിദ്ധീകരണങ്ങളും അദ്ദേഹത്തിൽനിന്നു പഠിക്കാനുള്ള അവസരവുമുണ്ടായി. ചുരുക്കത്തിൽ ഇതായിരുന്നു എന്റെവിദ്യാഭ്യാസം. *(അൽമൗഊദ്, അൻവാറുൽഉലൂം വാള്യം 17, പേജ് 532-537)*

ആദ്യത്തെ പ്രസംഗവും അതിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സന്തോഷ പ്രകടനവും. ഇതു സംബന്ധിച്ച് അദ്ദേഹം വിവരിക്കുന്നു: 'ഞങ്ങളുടെ ഒരു ഉസ്താദ് ഉണ്ടായിരുന്നു. ഞാൻ ദർസ് കൊടുക്കുമ്പോൾ അദ്ദേഹം കൃത്യമായി എന്റെ ദർസിൽ പങ്കെടുത്തിരുന്നു. എന്നാൽ, എന്റെ ഒരു ഉസ്താദുകൂടി ഉണ്ടായിരുന്നു. അദ്ദേഹം ദർസ് കൊടുക്കുമ്പോൾ ആദ്യം പറഞ്ഞ ആൾ മസ്ജിദിൽ വരികയും അദ്ദേഹത്തിന്റെ ദർസാണെന്ന് കണ്ടാൽ തിരിച്ചു പോകുകയും ചെയ്തിരുന്നു. എന്നിട്ട് പറയുമായിരുന്നു, ഇയാളുടെ കാര്യങ്ങളെന്ത് കേൾക്കാനാണ്. ഇതൊക്കെ നേരത്തെ കേട്ടതു തന്നെയാണ്. എന്നാൽ, എന്റെ ദർസിൽ ഞാൻ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നിട്ടുകൂടി എന്നെ സംബന്ധിച്ച് സദുദ്ദേശ്യം വെച്ച് പുലർത്തുകയും അതിൽ തീർച്ചയായും പങ്കെടുക്കുകയും ചെയ്തിരുന്നു. അദ്ദേഹം ഇങ്ങനെ പറയുമായിരുന്നു: 'ഇദ്ദേഹം മുഖേന വിശുദ്ധ ഖുർആനിന്റെ ചില പുതിയ അർഥ തലങ്ങൾ മനസ്സിലാക്കാൻ എനിക്ക് കഴിയുന്നു.' ഇതും അല്ലാഹുവിന്റെ അനുഗ്രഹമാണ്. ചിലയാളുകൾക്ക് ചെറിയ പ്രായത്തിൽത്തന്നെ തുറക്കപ്പെടുന്ന വിജ്ഞാനങ്ങൾ മറ്റുള്ളവരുടെ ചിന്തയിൽ പോലും വരാറില്ല. വാസ്തവത്തിൽ അല്ലാഹുവിന് അദ്ദേഹത്തെ മുസ്‌ലിഹ് മൗഊദിന്റെ സാക്ഷാത്കാരമാക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് അവൻതന്നെ നേരിട്ട് അധ്യാപനവും നല്കുകയായിരുന്നു. ഏതായിരുന്നാലും അദ്ദേഹം പറയുന്നു: ഇതേ മസ്ജിദിൽ, 'മസ്ജിദുഅഖ്സ' ആണെന്ന് തോന്നുന്നു, 1907-ൽ ആദ്യമായി ഞാൻ പൊതു പ്രസംഗം നടത്തി. ജൽസയുടെ സന്ദർഭമായിരുന്നു അത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലത്തുള്ള സംഭവമാണ്; വഫാത്തിന് ഒരു വർഷം മുമ്പേയുള്ളത്. ജൽസയുടെ അവസരമായിരുന്നു. ഒരുപാടാളുകൾ ഒരുമിച്ചു കൂടിയിരുന്നു. ഹദ്റത്ത് ഖലീഫ അവ്വലും(റ) ഉണ്ടായിരുന്നു. ഞാൻ സൂറ ലുഖ്മാനിന്റെ രണ്ടാമത്തെ റുകൂഅ് ഓതി. പിന്നെ അതിന്റെ തഫ്സീർ വിവരിച്ചു. എന്റെ ആ സമയത്തുള്ള അവസ്ഥ എന്തായിരുന്നുവെന്നാൽ ഞാൻ എഴുന്നേറ്റുനിന്നു. അതിനു മുമ്പേ ഞാൻ പൊതുവേദിയിൽ പ്രസംഗിച്ചിട്ടേ ഉണ്ടായിരുന്നില്ല. അന്നെന്റെ പ്രായം കേവലം പതിനെട്ട് വയസായിരുന്നു. ആ സമയത്ത് ഹദ്റത്ത് ഖലീഫ അവ്വലും സന്നിഹിതനായിരുന്നു. അഞ്ചുമനിലെ അംഗങ്ങളുമുണ്ടായിരുന്നു. ഒരുപാട് മറ്റു സഹോദരങ്ങളും എത്തിയിരുന്നു. അതുകൊണ്ട് എന്റെ കണ്ണുകൾക്ക് മുന്നിൽ ഇരുട്ട് പടർന്നു. ആ സമയത്ത് ആരാണ് എന്റെ മുന്നിലിള്ളതെന്നും ഇല്ലാത്തതെന്നും എനിക്ക് അറിയുമായിരുന്നില്ല. പ്രസംഗം അരമണിക്കൂറോ മുക്കാൽ മണിക്കൂറോ നീണ്ടു നിന്നു. പ്രസംഗം കഴിഞ്ഞ് ഞാൻ ഇരുന്നു. എനിക്കോർമയുണ്ട്. ഹദ്റത്ത് ഖലീഫ അവ്വൽ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'മകനേ! നീ നല്ല പ്രസംഗം ചെയ്തു. ഞാൻ നിനക്ക് ആശംസകൾ നേരുന്നു. ഞാൻ നിന്നെ സന്തോഷിപ്പിക്കാൻവേണ്ടി പറയുന്നതല്ല. ഞാൻ നിന്നോട് ഉറപ്പിച്ചു പറയുന്നു, വാസ്തവത്തിൽ പ്രസംഗം നന്നായിരുന്നു.' *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 22, പേജ് 472-473)*

അല്ലാഹു അദ്ദേഹത്തെ ജ്ഞാനങ്ങൾകൊണ്ട് എങ്ങനെ നിറച്ചിരുന്നുവെന്നാൽ, അദ്ദേഹത്തിന്റെ 52 വർഷക്കാല ജീവിതം അതിന് സാക്ഷിയാണ്. ദീനീ വിഷയങ്ങളാണെങ്കിലും ഭൗതിക വിഷയങ്ങളാണെങ്കിലും അദ്ദേഹത്തോട് ഏതു വിഷയത്തിൽ എഴുതാനോ പറയാനോ പറഞ്ഞാലും അദ്ദേഹം ജ്ഞാനവിജ്ഞാനങ്ങളുടെ ഒരു അരുവി തന്നെ ഒഴുക്കുമായിരുന്നു. ഒരുപാടു സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങളെ അന്യരായ

www.alislam.org
Al Islam - Official website of Ahmadiyya Muslim Community

ആളുകൾ പോലും ഒരുപാട് ശ്ലാഘിച്ചു. ഇതും റിക്കാർഡുകളിലുണ്ട്. തുറന്ന രീതിയിൽ പൊതുജന സമക്ഷം അവയെ ശ്ലാഘിക്കുകയും ചെയ്തു. പത്രങ്ങളിൽ വാർത്തകൾ വന്നു. ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ പ്രവചനം വളരെ പ്രൗഢിയോടെ പൂർത്തിയായി എന്നാണ്. ഏതായിരുന്നാലും അദ്ദേഹത്തിന്റെ രചനകളും പ്രഭാഷണങ്ങളും വിലപിടിച്ച ഖജനാവാകുന്നു. അത് ആയിരക്കണക്കിന് പേജുകളിൽ ഒരു പക്ഷേ, ലക്ഷത്തോളം പേജുകളുണ്ടാകും. ഇപ്പോൾ ഇംഗ്ലീഷിലും മറ്റു ഭാഷകളിലും തർജമ നടന്നു കൊണ്ടിരിക്കുകയാണ്. അത് പ്രയോജനപ്പെടുത്തേണ്ടത് നമ്മുടെയും ജോലിയാണ്.

തന്നെ മുസ്‌ലിഹ് മൗഊദിന്റെ പ്രവചനത്തിന്റെ സാക്ഷാത്കാരമായി പ്രഖ്യാപിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ കാരുണ്യവുംകൊണ്ട് ഏതൊരു പ്രവചനമാണോ പൂർത്തിയാകുന്നത് കാണാൻ ദീർഘകാലമായി കാത്തിരിക്കുന്നത് അല്ലാഹു അതിനെ കുറിച്ച് തന്റെ ഇൽഹാം മുഖേന ആ പ്രവചനം എന്നിൽ പൂർത്തിയായികഴിഞ്ഞിരിക്കുന്നുവെന്ന് എന്നോട് അല്ലാഹു പറഞ്ഞിരിക്കുന്നു. ഇപ്പോൾ അല്ലാഹു ഇസ്‌ലാമിന്റെ ശത്രുക്കൾക്കുമേൽ സമ്പൂർണ ന്യായപൂർത്തി വരുത്തിയിരിക്കുന്നു. ഇസ്‌ലാം അല്ലാഹുവിന്റെ സത്യദീനും മുഹമ്മദ് [സ] അല്ലാഹുവിന്റെ സത്യപ്രവാചകനും ഹദ്റത്ത് മസീഹ് മൗഊദ്[അ] അല്ലാഹുവിന്റെ സത്യദാസനുമാണെന്ന് അവർക്കുമേൽ വെളിപ്പെടുത്തിയിരിക്കുന്നു. ഇസ്‌ലാമിനെ വ്യാജനെന്ന് പറയുന്നവൻ വ്യാജനാകുന്നു. മുഹമ്മദ് റസൂലുല്ലാഹ്[സ]നെ വ്യാജനെന്ന പറയുന്നവരാണ് വ്യാജന്മാർ. അല്ലാഹു ഈ മഹത്തായ പ്രവചനം മുഖേന ഇസ്‌ലാമിന്റേയും നബി[സ]തിരുമേനിയുടേയും സത്യസാക്ഷ്യത്തിന്റെ ഒരു ജീവൽത്തെളിവ് ലോകത്തിന് മുന്നിൽ സമർപ്പിച്ചിരിക്കുന്നു.'

1886-ൽ ഇന്നേക്ക് 58 വർഷം മുമ്പേ, അദ്ദേഹം വിവരിക്കുമ്പോൾ -58 വർഷം കഴിഞ്ഞിട്ടുണ്ടായിരുന്നു-ഇന്നേക്ക് കൃത്യം 58 വർഷം മുമ്പേ തന്റെ ഭാഗത്തുനിന്ന് ഒരു അറിയിപ്പ് നൽകുന്നു. അതായത് ആ വ്യക്തിയുടെ വീട്ടിൽ ഒൻപതു വർഷത്തിനുള്ളിൽ ഒരാൺകുട്ടി ജനിക്കുമെന്ന്! അവൻ വേഗം വേഗം വളരും ലോകത്തിന്റെ അറ്റങ്ങളോളം കീർത്തി പ്രാപിക്കും. ഇസ്‌ലാമിന്റെയും നബി[സ]തിരുമേനിയുടേയും നാമം ലോകത്ത് പരത്തും. അവൻ ആത്മീയവും ഭൗതികവുമായ വിജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടും. അവൻ ദൈവിക പ്രതാപം വെളിപ്പെടാൻ കാരണമാകും. അല്ലാഹുവിന്റെ കഴിവിനും അവന്റെ സാമീപ്യത്തിനും അവന്റെ കാരുണ്യത്തിനും അതൊരു ജീവൽ ദൃഷ്ടാന്തമായിരിക്കും. ഈ സന്ദേശം ലോകത്തുള്ള ആർക്കെങ്കിലും സ്വയമേവ നടത്താൻ സാധ്യമാണോ? അല്ലാഹു ഈ സുവാർത്ത നൽകുകയും പിന്നെ അവൻതന്നെ അത് പൂർത്തിയാക്കുകയും ചെയ്തു. ഡോക്ടർമാർ പ്രതീക്ഷയ്ക്ക് വകയില്ലെന്ന് പറഞ്ഞ ആ മനുഷ്യൻ മുഖേന തന്നെ, ഡോക്ടർമാർ ജീവിക്കുമെന്ന് പ്രതീക്ഷയില്ലെന്ന് പറഞ്ഞ ആ വ്യക്തി മുഖേന തന്നെ അത് പൂർത്തിയാവുകയും ചെയ്തു. ഡോക്ടർമാർക്ക് ജീവിക്കുമെന്ന് പ്രതീക്ഷ ഇല്ലാതിരുന്ന ഈ വ്യക്തി മുഖേന അത് പൂർത്തിയാക്കി. അവനെ സംബന്ധിച്ച് ഡോക്ടർമാർ പറഞ്ഞിരുന്നത് ജീവിക്കുമോ, ദീർഘായുസ്സ് പ്രാപിക്കുമോ എന്നൊന്നും പ്രതീക്ഷിക്കണ്ടെന്നായിരുന്നു. ഇനി തന്റെ ആരോഗ്യത്തെ കുറിച്ച് അദ്ദേഹം പറയുന്നു: 'എന്റെ ആരോഗ്യം എത്രമാത്രം മോശമായിരുന്നുവെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്[അ]നോട് ഡോക്ടർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ് ഈ കുട്ടിക്ക് ക്ഷയരോഗമാണെന്ന് പറഞ്ഞു. ക്ഷയരോഗം കാരണം ഏതെങ്കിലും മലയോര പ്രദേശത്ത് അയക്കണമെന്നും പറഞ്ഞു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്[അ] എന്നെ ഷിംലയിലേക്ക് പറഞ്ഞയച്ചു. എന്നാൽ, അവിടെ പോയി ഞാൻ നിരാശനായി. അതുകൊണ്ട് വേഗംതന്നെ തിരിച്ച് വന്നു. പറയുന്നു: തന്റെ ആരോഗ്യം ഒരു ദിവസംപോലും നല്ലതായിരുന്നിട്ടില്ലാത്ത വ്യക്തിയെ അല്ലാഹു ജീവനോടെ നിലനിറുത്തിയതിന് കാരണം തന്റെ ഒരു പ്രവചനം പൂർത്തിയാക്കുക എന്നതായിരുന്നു. ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിന് ജനങ്ങൾക്കുമുന്നിൽ തെളിവ് കൊടുക്കുക എന്നതായിരുന്നു. പിന്നെ എന്നെ കുറിച്ച് പറയുകയാണെങ്കിൽ ഭൗതികമായ അറിവുകളിൽ ഒരു അറിവും എനിക്കില്ലായിരുന്നു. എന്നാൽ, അല്ലാഹു തന്റെ ഔദാര്യത്താൽ മലക്കുകളെ എന്റെ പഠനത്തിനുവേണ്ടി അയച്ചു. ഒരു മനുഷ്യന്റെയും ചിന്തയിൽപോലും വരാത്ത ഖുർആനിക വിവക്ഷിതങ്ങൾ സംബന്ധിച്ച് എനിക്കറിവ് നൽകി. അല്ലാഹു എനിക്ക് നൽകിയ ആത്മീയമായ നീരുറവ അഥവാ എന്റെ ഹൃദയത്തിൽ നിന്നു പൊട്ടി ഒഴുകിയതിനെ സംബന്ധിച്ച് ഒരു മനുഷ്യന്റെയും ചിന്തയിൽപോലും വരാൻ സാധ്യമല്ല. എന്റെ ഹൃദയത്തിൽ നിർഗമിച്ച ദൈവിക ദാനമായ ആ അറിവുകൾ അല്ലാഹു എനിക്ക് നല്കിയതായിരുന്നു. അതെത്രത്തോളം ഉറപ്പാണെന്നാൽ ഞാൻ ലോകത്തെ മുഴുവനും വെല്ലുവിളിച്ചുകൊണ്ടു പറയുന്നു: 'ഈ ലോകത്തിന്റെ തിരശീലക്കപ്പുറത്തുനിന്ന് ഏതെങ്കിലും വ്യക്തി തനിക്ക് അല്ലാഹുവിൽനിന്ന് ഖുർആൻ പഠിപ്പിക്കപ്പെട്ടു എന്ന് വാദിക്കുകയാണെങ്കിൽ, ഏതുസമയത്തും ഞാൻ അയാളുമായി മത്സരിക്കാൻ തയ്യാറാണ്. എന്നാൽ, ആരും എന്നോട് മത്സരിക്കാൻ വന്നില്ല. എന്നാൽ, എനിക്കറിയാം ഇന്നീ ലോകത്തിന്റെ തിരശീലക്കു പിന്നിൽ ഞാനല്ലാതെ മറ്റാർക്കുംതന്നെ അല്ലാഹുവിൽ നിന്ന് ഖുർആനിക ജ്ഞാനം നല്കപ്പെട്ടിട്ടില്ല. അല്ലാഹു എനിക്ക് ഖുർആനിക ജ്ഞാനം പ്രദാനം ചെയ്തിരിക്കുന്നു. ഇക്കാലഘട്ടത്തിൽ അല്ലാഹു ഖുർആൻ പഠിപ്പിക്കുന്നതിനുവേണ്ടി എന്നെ ലോകത്തിന്റെ ഉസ്താദാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ ദൂതരായ മുഹമ്മദ്[സ]ന്റേയും വിശുദ്ധഖുർആനിന്റേയും നാമം ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിനും ഇസ്‌ലാമിനെതിരെയുള്ള സകല പൊയ്മതങ്ങളെയും എന്നെന്നേക്കുമായി പരാജയപ്പെടുത്തുന്നതിനും അല്ലാഹു എന്നെ എഴുന്നേല്പിച്ചു നിറുത്തിയിരിക്കുന്നു.'

ഈ പ്രവൃത്തികൾ അദ്ദേഹം ചെയ്തു. അവിടത്തെ കാലഘട്ടത്തിൽത്തന്നെ നിരവധി വിശുദ്ധ ഖുർആനിന്റെ തർജമകൾ പ്രസിദ്ധീകരിക്കപ്പെട്ടു, നിരവധി അല്ലെങ്കിൽ തന്നെയും ഒരു പരിധിവരെ പ്രസിദ്ധീകരിക്കപ്പെട്ടു. ഈ പ്രവൃത്തികൾ തന്നെയാണ് മുമ്പോട്ടു കൊണ്ടുപോയി കൊണ്ടിരിക്കുന്നകും. പതിനേഴ് പതിനെട്ട് ഭാഷകളിൽ അദ്ദേഹത്തിന്റെ ജീവിത കാലത്തുതന്നെ തർജമ പൂർത്തിയായിരുന്നു. അതുപോലെ ഇസ്‌ലാമിന്റെ സന്ദേശ പ്രചാരണം അദ്ദേഹത്തിന്റെ ജീവിത കാലത്തുതന്നെ ലോകത്തിന്റെ കോണുകളോളമെത്തി.

പറയുന്നു: ലോകം എത്ര ശക്തിവേണെങ്കിലും ചെലുത്തിക്കൊള്ളട്ടെ. തങ്ങളുടെ മുഴുവൻ കഴിവുകളും സംഘടിതശക്തിയും ഉപയോഗിച്ചുകൊള്ളട്ടെ. ക്രിസ്തീയ രാജാക്കന്മാരും അവരുടെ ഭരണകർത്താക്കളും ഒരുമിച്ച് കൂടിക്കൊള്ളട്ടെ. യൂറോപ്പും അമേരിക്കയും ഒരുമിച്ചുകൊള്ളട്ടെ. ലോകത്തിലെ എല്ലാ വലിയ വലിയ സമ്പന്നന്മാരും കഴിവും പ്രാപ്തിയുളവരും ഒരുമിച്ചുകൊള്ളട്ടെ. അങ്ങനെ എല്ലാവരും ഈ പ്രവൃത്തിയിൽ ഒരുമിച്ചു കൂടുകയാണെങ്കിലും ഞാൻ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്തു പറയുന്നു: അവർ എനിക്കെതിരിൽ പരാജയപ്പെടുന്നതായിരിക്കും. എന്റെ പ്രാർഥനയുടെയും പദ്ധതികളുടെയും മുന്നിൽ അവരുടെ എല്ലാ പദ്ധതികളും കുതന്ത്രങ്ങളും വഞ്ചനകളും ഇല്ലായ്മ ചെയ്യപ്പെടുന്നതാണ്. അല്ലാഹു ഞാൻ മുഖേന അല്ലെങ്കിൽ എന്റെ ശിഷ്യന്മാരും എന്നെ പിൻപറ്റുന്നവരും മുഖേന ഈ പ്രവചനം പൂർത്തിയാക്കുന്നതിനുവേണ്ടി നബി[സ]തിരുമേനിയുടെ പേരിലുള്ള അനുഗ്രഹവും ഇസ്‌ലാമിന്റെ അനുഗ്രഹവും മുഖേന അന്തസ്സ് സ്ഥാപിക്കുന്നതായിരിക്കും. ഏതുവരെ ഇസ്‌ലാം മുഴുവൻ പ്രഭാവത്തോടുകൂടി ലോകത്ത് സ്ഥാപിക്കപ്പെടുന്നില്ലയോ, അതുവരെ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ[സ] ലോകത്തിന്റെ ജീവൽ പ്രവാചകനാണെന്ന സത്യം അംഗീകരിക്കുന്ന ഈ ലോകത്തെ കൈവിടുന്നതല്ല.' *(അൽ മൗഊദ്, അൻവാറുൽഉലൂം വാല്യം 17, പേജ് 613-614)*

ചുരുക്കത്തിൽ ഈ പ്രവചനം പൂർത്തിയായി. അദ്ദേഹവും തന്റെ കാലഘട്ടം കഴിച്ചുകൂട്ടി. എന്നാൽ, പ്രവചനത്തിന്റെ വാക്കുകൾ ഇൻശാഅല്ലാഹ് ഏതുവരെ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ മിഷൻ പൂർത്തിയാകുന്നില്ലയോ, ഇസ്‌ലാമിന്റെ പതാക ലോകത്ത് പറക്കുന്നില്ലയോ ആ സമയംവരെ നിലനിൽക്കുന്നതാണ്. ഇൻശാഅല്ലാഹ് ആ സമയംവരെ നില നിറുത്തപ്പെടുന്നതാണ്. ചുരുക്കത്തിൽ ഓർമ വെക്കുക, ഈ പ്രവചനത്തിന്റെ പേരിൽ നമ്മുടെ യോഗങ്ങളും അത് ഓർമ വെക്കുന്നതും പ്രയോജനപ്രദമാകണമെങ്കിൽ നമ്മൾ ഈ ഉദ്ദേശ്യത്തെ എപ്പോഴും ഓർമ വെക്കണം. അതായത് നബി[സ]തിരുമേനിയുടെ അന്തസ്സും ആഭിജാത്യവും നമ്മളാണ് ഈ ലോകത്ത് സ്ഥാപിക്കേണ്ടത്. ഇസ്‌ലാമിന്റെ സത്യത ലോകത്തിന് മുന്നിൽ വെളിപ്പെടുത്തിക്കൊണ്ട് നബി[സ]തിരുമേനിയുടെ കൊടിയുടെ കീഴിൽ കൊണ്ടുവരേണ്ടത് നമ്മളാണ്. ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്[അ]നെ അംഗീകരിക്കുന്നവരല്ലാതെ മറ്റൊരാളും തന്നെ ഇസ്‌ലാമിന്റെ പതാക ലോകത്ത് വീണ്ടും പറത്തുന്നതല്ല. അല്ലാഹു നമുക്ക് അത് ചെയ്യുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

The Weekly BADR Qadian
(Malayalam)
https://www.akhbarbadrqadian.in/

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 31 March 2022 Issue-13

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

**(ബദ്ർ വാള്യം 7 ലക്കം 12 പേജ് 16, കോളം 1–ൽനിന്ന്)**

ഹദ്റത്ത് ഖലീഫത്തുൽമസീഹ് മൂന്നാമൻ[റഹ്]അല്ലാഹുവിന്റെ ഭവനത്തിന്റെ മഹനീയ ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന ആത്മീയ ജ്ഞാനങ്ങൾ നിറഞ്ഞ ഒരു ഖുത്വ്ബയിൽ പറയുന്നു: കേവലം മക്ക മാത്രമല്ല ഇതര പ്രദേശങ്ങളിൽനിന്നും കുടംബങ്ങളിൽനിന്നുമുള്ള ചില പ്രതിനിധികൾ സ്വന്തം പ്രദേശങ്ങൾ വിട്ട് സ്വന്തം ഗോത്രങ്ങൾ വിട്ട് മദീനയിൽ വന്നു സന്യാസികളെ പോലെ ഇരുന്നിരുന്നു. പിന്നീട് അവർ ഇവിടെത്തന്നെ ഇരിക്കുകയും ചെയ്തു. സ്വന്തം ജനതയേയും രാജ്യത്തേയും വിട്ടുകൊണ്ടുള്ള അവരുടെ പലായനം മക്കയിൽനിന്നുമുള്ള ഹിജ്റപോലെ ആയിരുന്നില്ല. മറിച്ച്, സ്വന്തം നാടും ബന്ധുക്കളും വീടും വസ്തുവകകളുമെല്ലാം ഉപേക്ഷിച്ചുകൊണ്ട് അല്ലാഹുവിനുവേണ്ടി കേന്ദ്രത്തിൽപോയി താമസിക്കുന്നു. പിന്നീട് കേന്ദ്രത്തിന്റെ മാർഗദർശനം അനുസരിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവൃത്തിക്കുകയും ചെയ്യുന്നു. *(ഖുത്വ്ബ ജുമുഅ 26 - 5 - 1967)*

ദൈവിക ഏകത്വത്തിന്റെ മഹനീയ പ്രകടനമായ കഅ്ബാലയംതന്നെയാണ് വഖ്ഫെ സിന്ദഗിയുടെ അടിത്തറ. ഇതേ അടിത്തറയിൽ അടിയുറച്ചു നിന്നുകൊണ്ട് മുഴുലോകത്തും ഇസ്ലമിനുവേണ്ടിയുള്ള സേവനവികാരത്താൽ ജീവിതം സമർപണം ചെയ്ത മഹോത്സുകരായ അഹ്മദികൾ തങ്ങളുടെ കർമങ്ങൾകൊണ്ട് കഅ്ബദേവാലയത്തിന്റേയും പരിശുദ്ധനായ ഏകദൈവത്തിന്റേയും മഹത്ത്വം പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നു. ജീവിതം സമർപ്പിച്ചിരിക്കുന്ന നമുക്കെല്ലാവർക്കും അല്ലാഹു കഅ്ബാലയ നിർമാണത്തിന്റെ യഥാർഥ ലക്ഷ്യം മനസ്സിലാക്കാനും അതു പൂർത്തിയാക്കാനും തൗഫീഖ് നല്കുമാറാകട്ടെ. ഈ നിസ്സാരമായ നമ്മുടെ സേവനങ്ങളെ സ്വീകരിക്കുമാറകട്ടെ.ആമീൻ

അതിനുശേഷം, ദർജ റാബിആയിൽ പഠിക്കുന്ന അസീസം സുലയ്മാൻ അഖ്തർ 'ജീവിതസമർപണത്തിന്റെ പ്രാധാന്യവും അതിന്റെ അനുഗ്രഹങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: **ഇദ് ഖാല ലഹു റബ്ബുഹൂ അസ്ലിം ഖാല അസ്ലംതു ലി റബ്ബിൽ ആലമീൻ** (അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹത്തോട് നീ കീഴ്വണങ്ങുക എന്ന് പറഞ്ഞ സന്ദർഭം സ്മരിക്കുക. അദ്ദേഹം പറഞ്ഞു:സർവ ലോകപരിപാലകന് ഞാന് കീഴ്വണങ്ങുന്നു.)

ഹദ്റത്ത് ആദം[അ] മുതൽ ഇക്കാലഘട്ടംവരെ വളരെയധികം ദൈവദൂതന്മാർ ലോകത്ത് വന്നു. അവരിൽ നിന്നുമുള്ള ഓരോ വ്യക്തിയും ദൈവത്തിന്റെ വഴിയിൽ തങ്ങളുടെ ജീവിതം സമർപ്പിച്ചവരായിരുന്നു.എന്നാൽ, ഇബ്റാഹീമിന്റെ ത്യാഗമാണ് സമ്പൂർണമായ നിലയിൽ അല്ലാഹുവിനു വേണ്ടി ജീവിതസമർപണത്തിന്റെ മാതൃകയായി തീർന്നത്. ഹദ്റത്ത് മുഹമ്മദു നബി(സ) തിരുമേനിയും അദ്ദേഹത്തിന്റെ ഇക്കാലഘട്ടത്തിൽ നിയോഗിതനായ ഇമാം മഹ്ദിയും ഇന്ന് വീണ്ടും ഇബ്റാഹീമീ ത്യാഗത്തിന്റെ അനന്തരാവകാശികളായി മാറിയിരിക്കുന്നു. നബി[സ]തിരുമേനിയുടെ അനുഗ്രഹീത കാലഘട്ടത്തിൽ അല്ലാഹുവിനുവേണ്ടി ജീവിതം സമർപിച്ചവർ അപകടകരവും മുള്ളുകൾ നിറഞ്ഞതുമായ വഴികളിലൂടെ സഞ്ചരിക്കുന്നവരുടെ നേതാക്കളായത് ഹദ്റത്ത് അബൂബക്ർ[റ], ഹദ്റത്ത് ഉമറുൽ ഫാറൂഖ് [റ], ഹദ്റത്ത് ഉഥ്മാൻ ഗനി[റ], ഹദ്റത്ത് അലി മുർതളാ[റ]എന്നിവരാണ്. എന്നാൽ അവരെ പിൻപറ്റിക്കൊണ്ട് ഹദ്റത്ത് അബൂ ഉബയ്ദ[റ], ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്[റ], ഹദ്റത്ത് ത്വൽഹാ[റ] എന്നിവരുമുണ്ടായിരുന്നു. അവരിൽ മിസ്വ്അബ് ബിൻ ഉമയ്റും[റ] ഉണ്ടായിരുന്നു. ഇസ്ലാമിലെ ആദ്യത്തെ മുബല്ലിഗ് ആകാനുള്ള ഭാഗ്യം അദ്ദേഹത്തിന് നല്കപ്പെട്ടു. പിന്നീട് മദീനയിലെ അൻസ്വാറിന്റെ ആത്മാർപണ സന്നദ്ധഭടന്മാരായ സംഘവും ഈ ഗണത്തിൽപ്പെടുന്നവരണ്. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്, ഖുബയ്ബ് ബിൻ അദിയ്യ്, അബൂ ത്വൽഹയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ സ്വഹാബാക്കളും ഉൾപ്പെടുന്ന ഒരു നീണ്ട നിര തന്നെയുണ്ട്. ഇവർ ത്യാഗത്തിന്റേയും കൂറിന്റേയും തങ്ങളുടേതായ ഇതിഹാസങ്ങൾ രചിച്ചവരാണ്.

ഇക്കാലഘട്ടത്തിൽ ഈ ജീവിതസമർപണത്തിന്റെ മാതൃക നബി(സ)തിരുമേനിയുടെ ആത്മീയ സുതൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി[അ]പുനരുജ്ജീവിപ്പിച്ചു. തന്റേതായ സർവതും അല്ലാഹുവിനും നബി(സ)തിരുമേനിക്കും വേണ്ടി സമർപിച്ചു.അദ്ദേഹം പറയുന്നു:

**വഖ്ഫെ രാഹ് തൂ കുനം ഗർ ജാൻ ദഹൻദം സ്വദ് ഹസാർ**
**(നൂറായിരം വട്ടം ജീവൻ നല്കേണ്ടി വന്നാലും നിന്റെ വഴിയിൽ അത് സമർപ്പിതമാണ്)**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'ഇസ്ലാമിന്റെ യാഥാർഥ്യമായ ദൈവവഴിയിൽ ജീവിതം സമർപിക്കുക എന്നത് രണ്ടു വിധത്തിലുണ്ട്. ഇതിൽ ഒന്നാമത്തേത് ദൈവത്തെ തന്റെ ആരാധ്യനും ലക്ഷ്യവും പ്രിയതമനും ആക്കുക എന്നതാണ്. അവനെ ആരാധിക്കുകയും അവനോടുള്ള സ്നേഹത്തിലും ഭയത്തിലും പ്രതീക്ഷയിലും മറ്റാരേയും പങ്കാളിയാക്കാതിരിക്കുകയും ചെയ്യുക. അവന്റെ പരിശുദ്ധിയും അന്യൂനതയും അവനോടുള്ള ആരാധനയും അതിന്റെ മര്യാദകളും അവന്റെ കൽപനകളും പരിധികളും ദൈവികമായ വിധിവിലക്കുകളും ഹൃദയാത്മനാ സ്വീകരിക്കുക. അങ്ങേയറ്റം നിസാരതയും വിനയവും പാലിച്ചുകൊണ്ട് പ്രസ്തുത സർവ കൽപനകളും പരിധികളും നിയമങ്ങളും വിധികളും പൂർണ വിചാരത്തോടെ ശിരസ്സാവഹിക്കുക. അവന്റെ പ്രവിശാലമായ ശക്തിവൈഭവങ്ങളുടെ ജ്ഞാനം മുഖേനയും അവന്റെ അധികാരത്തിന്റേയും ആധിപത്യത്തിന്റേയും ഉന്നതസ്ഥാനം അറിയുന്നതിനും അവന്റെ അനുഗ്രഹങ്ങൾ തിരിച്ചറിയുന്നതിനും ശക്തിസംഭരിച്ച ഒരു മാർഗദർശി ആകുന്നതിനും എല്ലാ പരിശുദ്ധമായ സത്യസാക്ഷ്യങ്ങളും ദിവ്യജ്ഞാനങ്ങളും നല്ലവണ്ണം മനസ്സിലാക്കുക.

അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം സമർപ്പിക്കുന്ന രണ്ടാമത്തെ തരം അവന്റെ ദാസന്മാരെ സേവിക്കുക, അനുകമ്പ പുലർത്തിക്കൊണ്ടും കാര്യനിർവഹണം നടത്തിക്കൊണ്ടും ഭാരങ്ങൾ വഹിച്ചു കൊണ്ടും സത്യസന്ധമായ പ്രയാസദൂരീകരണം നടത്തിക്കൊണ്ടും തന്റെ ജീവിതം സമരർപിക്കുക. ഇതരർക്ക് ആശ്വാസം എത്തിക്കുന്നതിനുവേണ്ടി ദുഖം വഹിക്കുക, മറ്റുള്ളവർക്ക് സുഖം പകരുന്നതിനു വേണ്ടി പ്രയാസങ്ങൾ സഹിക്കുക.'*(ആയിനയെ കമാലാത്തെ ഇസ്ലാം, റൂഹാനി ഖസാഇൻവ വാള്യം 5 പേജ 60)*

കൂടാതെ അല്ലാഹു ആ മഹാത്മാവിന് ആദ്യകാല സ്മരണകളെ നവീകരിക്കുന്ന, കൂറുപുലർത്തുന്ന ദാസന്മാരേയും നല്കി. ഹദ്റത്ത് മൗലാന നൂറുദ്ദീൻ, സയ്യിദുനാ മഹ്മൂദ്, സയ്യിദുനാ നാസ്വിർ അഹ്മദ്, സയ്യിദുനാ ത്വാഹിർ സയ്യിദുനാ മസ്റൂർ അയ്യദഹുല്ലാഹുത്തആലാ ബി നസ്വ്രിഹിൽ അസീസ് എന്നിവരണ് പ്രസ്തുത വിശിഷ്ഠ വ്യക്തികൾ. ഇക്കാലഘട്ടത്തിലെ മഹ്ദിക്ക് ഹദ്റത്ത് മൗലാന അബ്ദുൽ കരീം സാഹിബ്, മൗലാന ബുർഹാനുദ്ദീൻ സാഹിബ്, മൗലാന മുഫ്ത്തി മുഹമ്മദ് സ്വാദിഖ് സാഹിബ് തുടങ്ങിയവരെപ്പോലുള്ള സേവകരെ നല്കി. ലോകത്തെ ഉപേക്ഷിച്ചുകൊണ്ട് അല്ലാഹുവിനെ അവർ സ്വീകരിച്ചു. മസീഹിന്റെ സൂക്ഷിപ്പുകാരാകുന്നതിനെ ഇഷ്ടപ്പെട്ടു. (തുടരും)

---

**പേജ് 8 ൽ നിന്ന്**

യും നബി[സ]തിരുമേനി വഫാത്തായിരിക്കുന്നു' വെന്ന് പറഞ്ഞു. അല്ലാഹു **ഇന്നക്ക മയ്യിത്തുൻ വ്വ ഇന്നഹുംമ്മയ്യിത്തൂൻ** തീർച്ചയായും നീ മരിക്കുന്നവനാണ്. അവരും മരിക്കുന്നവർതന്നെ(39:31) എന്ന് പറഞ്ഞത് നീ കേട്ടിട്ടില്ലേ?

കൂടാതെ ഇതും കൂടിയുണ്ട്: **വമാജഅൽനാ ലി ബശരിൻ മ്മിൻ ഖബ്ലിക്കൽഖുൽദ** നിനക്കുമുമ്പേ നാം ഒരു മനുഷ്യനും ചിരകാലായുസ്സ് നല്കിയിട്ടില്ല.(21:35)

ഹദ്റത്ത് അബൂബക്ർ മിമ്പറിൽ വന്നു പ്രഭാഷണം നടത്തി. ഈ ഹദീഥിന്റെ വിശദീകരണത്തിൽ അബു അബ്ദുല്ലാഹ് ഖുർത്വുബി വിവരിക്കുന്നു: 'ഇതിൽനിന്ന് ഹദ്റത്ത് അബൂബക്റിന്റെ ധൈര്യത്തിനും വലിയ തെളിവ് ലഭിക്കുന്നുണ്ട്. കാരണം ധൈര്യത്തിനുള്ള ഏറ്റവും വലിയ തെളിവ് പ്രയാസങ്ങൾ ഇറങ്ങുന്ന നേരത്ത് ധൈര്യം കാണിക്കുക എന്നതാണ്. നബി[സ]തിരുമേനിയുടെ വഫാത്തിനെക്കാളും വലിയ ഒരു പ്രയാസവും ആ നേരത്ത് മുസ്‌ലിമീങ്ങൾക്ക് ഇല്ലായിരുന്നു. ആ നേരത്ത് അദ്ദേഹത്തിന്റെ ധൈര്യവും ജ്ഞാനവും വെളിപ്പെടുകയുണ്ടായി. *(അൽമവാഹിബുല്ലദുന്നിയ, ഭാഗം 4, പേജ് 547, അൽമക്തബുൽഇസ്ലാമി 2004)*

രണ്ടും വെളിപ്പെട്ടു. ധൈര്യവും വെളിപ്പെട്ടു; അതായത് വിഷമം സഹിച്ചു. വിശുദ്ധ ഖുർആനിന്റെ ആയത്തിന് നൽകിയ വിശദീകരണത്തിലൂടെ ജ്ഞാനവും വെളിപ്പെടുമാറായി. (തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin